406
VOL. 18 | ISSUE 15
Pages 12

# ഹാലേലൂയ്യ

1-15 SEPTEMBER, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla on September 1 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

## ഈജിപ്തിലെ ക്രിസ്ത്യാനികൾക്ക് ഇത് വിലാപ കാലം

തോമസ് മുല്ലയ്ക്കൽ



**ഈജിപ്ത്:** ആഭ്യന്തര കലാപം രൂക്ഷമായ ഈജിപ്തിൽ ക്രിസ്ത്യാനികൾക്കെതിരെ സംഘടിത ആക്രമണം. രാജ്യത്താകമാനം എഴുപത്തിയഞ്ചിലധികം പള്ളികൾ തകർക്കപ്പെടുകയോ കൊള്ളയടിക്കപ്പെടുകയോ ചുട്ടെരിക്കപ്പെടുകയോ ചെയ്തു. ക്രിസ്ത്യാനികളുടെ വീടുകളുടെ ഭിത്തിയിലും മതിലിലും കറുത്ത ഗുണനചിഹ്നം അടയാളമിട്ട് വീടുകൾ തകർത്ത് ജനത്തെ വിരട്ടിയോടിക്കുകയോ കൊല്ലുകയോ ചെയ്യുന്നു. പുരാതന ക്രിസ്തീയ ദേവാലയങ്ങൾ പലതും നാമാവശേഷമായി.

പുറത്താക്കപ്പെട്ട ഈജിപ്ഷ്യൻ പ്രസിഡന്റ് മുഹമ്മദ് മുർസിയെ പിന്തുണയ്ക്കുന്ന മുസ്ലീം ബ്രദർ ഹുഡും സൈന്യവും തമ്മിൽ നടക്കുന്ന രക്തരൂക്ഷിത പോരാട്ടത്തിൽ മരിച്ചവരുടെ എണ്ണം ആയിരത്തോടടുക്കുന്നു. മുറിവേറ്റവർ എണ്ണിത്തിട്ടപ്പെടുത്താവുന്നതിലുമധികമായിക്കൊണ്ടിരിക്കുന്നു. സൈന്യത്തിൽ നിന്നും ശക്തമായ തിരിച്ചടി നേരിട്ട മുസ്ലീം ബ്രദർഹുഡ് ഫ്രീഡം ആൻഡ് ജസ്റ്റീസ് പാർട്ടി ഇപ്പോൾ തിരിഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികൾക്കെതിരെയാണ്. മുഹമ്മദ് മുർസി അധികാരത്തിൽ വന്നതിന് ശേഷം ക്രിസ്ത്യാനികൾക്കെതിരായ പല നീക്കങ്ങളുമുണ്ടായിരുന്നു. സമ്പൂർണ്ണ ഇസ്ലാമികവത്ക്കരണം എന്ന ലക്ഷ്യവുമായി മുന്നേറുന്ന ബ്രദർഹുഡ് പാർട്ടിയുടെ നേതാവ് മുർസി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടപ്പോൾ ക്രിസ്ത്യാനികളോടായി പക മുഴുവൻ. മുർസിയുടെ കാലത്ത് ക്രിസ്ത്യാനികൾ നടത്തിയ ഒരു അവകാശ റാലിയാണ് കാരണം.

അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന രീതിയിലാണ് ക്രിസ്ത്യാനികൾക്കെതിരെയുള്ള നീക്കങ്ങൾ. എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും പള്ളികൾക്കെതിരെ ആക്രമണം ഉണ്ടായി. ക്രിസ്ത്യാനികളുടേതായ സ്കൂളുകൾ അഗ്നിക്കിരയാക്കപ്പെട്ടു. 90 മില്യൺ ജനങ്ങളിൽ 10 ശതമാനം ക്രിസ്ത്യാനികളാണ് ഈജിപ്തിലുള്ളത്. ഇസ്ലാം എത്തുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ക്രിസ്തീയ സഭകൾ ഈജിപ്തിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഹെരോദാവിന്റെ മരണ കല്പനയിൽ നിന്ന് രക്ഷപെടാനായി ദൈവിക നിർദ്ദേശമനുസരിച്ച് ശിശുവായ യേശുവിനെയും കൊണ്ട് ജോസഫും മേരിയും ഓടിപ്പോയത് ഈജിപ്തിലേക്കായിരുന്നു. എന്നാൽ രണ്ടായിരം വർഷത്തിനപ്പുറം യേശുവിന് അഭയമായിരുന്ന ഈജിപ്ത് ഇന്ന് യേശുവിന്റെ ഭക്തർക്ക് അപകടമേഖലയായിരിക്കുന്നു.

ക്രിസ്ത്യാനികൾക്കെതിരെയുള്ള ആക്രമണങ്ങളിൽ പോലീസ് നേരത്തെ തന്നെ നിഷ്ക്രിയരായിരുന്നു. ഇപ്പോൾ അരാജകത്വമാണ് എവിടെയും നടമാടുന്നത്. ആർക്കും ഒരു പ്രകോപനവുമില്ലാതെ ക്രിസ്ത്യാനികളെ അക്രമിക്കാമെന്നതാണ് അവസ്ഥ.

പ്രശ്നങ്ങൾക്കിടയിലും ഈജിപ്തിലെ ക്രിസ്ത്യാനികൾ പ്രതീക്ഷയും പ്രത്യാശയും കൈവെടിയുന്നില്ല. ദേവാലയങ്ങൾക്ക് പ്രത്യേകാൽ പുരാതന ദേവാലയങ്ങൾക്ക് വലിയ പ്രാധാന്യമായിരുന്നു ഈജിപ്ഷ്യൻ ക്രിസ്ത്യാനികൾ നൽകി വന്നിരുന്നത്. പള്ളികൾ തകർന്നപ്പോൾ ജനങ്ങൾ ഒന്നിക്കുവാനും കൂടാതെ ക്രിസ്തുവിന്റെ മന്ദിരമായ തങ്ങളെത്തന്നെ തിരിച്ചറിയുവാനും ഇടയായി എന്ന് പലരും പ്രസ്താവിച്ചു.

ഒരു ക്രിസ്ത്യൻ പ്രവർത്തകൻ പറഞ്ഞ അനുഭവം കൂടുതൽ പ്രതീക്ഷാനിർഭരമാണ്. അയൽവാസിയായ ഒരു മുസ്ലീം വനിത പറഞ്ഞതിങ്ങനെയാണ് "ഞങ്ങളുടെ സമുദായം എന്നും തമ്മിൽ തല്ലുകയും യുദ്ധം ചെയ്യുകയുമാണ്. എന്നാൽ 'ശത്രുവിനെ സ്നേഹിക്ക, അയൽക്കാരനെ നിന്നേപ്പോലെ തന്നെ സ്നേഹിക്ക' എന്നു പഠിപ്പിച്ച യേശുവിന്റെ ജനമായ നിങ്ങളെയാണ് എനിക്കിഷ്ടം.' ക്രിസ്തു നൽകുന്ന യഥാർത്ഥ സമാധാനവും നിലനില്ക്കുന്ന പ്രത്യാശയും മുസ്ലീം സ്ത്രീയോട് പങ്ക് വയ്ക്കുവാനിടയായി എന്ന് ക്രിസ്തീയ പ്രവർത്തകൻ സാക്ഷിക്കുന്നു.

കെയ്റോയിലും മറ്റ് പട്ടണങ്ങളിലുമുള്ള സഭാ നേതൃത്വം പ്രത്യേക പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുണ്ട്. അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ വിവിധ ക്രിസ്തീയ സംഘടനകൾ കോൺഗ്രസിലും സെനറ്റിലുമുള്ള അംഗങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. എന്നാൽ വളരെ ശ്രദ്ധയോടെയാണ് പാശ്ചാത്യ രാജ്യങ്ങളുടെ നീക്കം. മുസ്ലീം രാജ്യങ്ങളിലെല്ലാം ക്രിസ്ത്യാനികൾക്കെതിരെ അസഹിഷ്ണത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വിശ്വാസികൾ പ്രത്യേകാൽ ദൈവസന്നിധിയിൽ അപേക്ഷിക്കേണ്ടതുണ്ട്.

## ബഹറിനിലെ ജയിലിൽ നിന്ന് കാരുണ്യം തേടി ഒരു മലയാളി



മനാമ: കഴിഞ്ഞ മൂന്നര വർഷമായി ബഹറിനിൽ തടവിലായിരിക്കുന്ന മലയാളി ബിസിനസുകാരൻ കാരുണ്യത്തിന്റെ കരങ്ങൾ നീളുമെന്ന പ്രതീക്ഷയിൽ നാളുകൾ എണ്ണിക്കഴിയുന്നു. മാവേലിക്കര കുറത്തികാട് സ്വദേശിയും ബഹറിനിലെ പി.എം.ജി. സഭാംഗവുമായിരുന്ന റജി എബനേസർ ആണ് ബഹറിനിൽ ജയിലിൽ നരകയാതന അനുഭവിക്കുന്നത്.

ബിസിനസ് സൗഹൃദത്തിന്റെ പേരിൽ ലോകത്തിന്റെ അംഗീകാരം നേടിയ ബഹറിനിൽ 2007-ലാരംഭിച്ച ലോക സാമ്പത്തിക മാന്ദ്യത്തിന്റെയും തുടർന്ന് ഗവൺമെന്റ് കൈക്കൊണ്ട ചില ലൈസൻസിംഗ് നിയമങ്ങളുടെയും ബലിയാടായ കഥയാണ് റെജി എബനേസറിന്റേത്.

ഓട്ടോമൊബൈൽ എഞ്ചിനിയറായി 1988-ൽ ബഹറിനിലെത്തിയ റെജി അതിവേഗം ഒരു മികച്ച ബിസിനസ് സംരംഭകനായി മാറി. റിയൽ എസ്റ്റേറ്റ്, ടൂറിസം, ട്രാവൽ, ഹോട്ടൽ മേഖലകളിലായി അഞ്ച് കമ്പനികൾ സ്ഥാപിച്ച റെജി മൂന്ന് മില്യനിലധികം ബഹറിൻ ദിനാർ ബിസിനസിൽ മുടക്കി. ഏകദേശം 40 കോടിയോളം രൂപ. 55 ബഹറിൻ വംശജരടക്കം 375 ജോലിക്കാരുണ്ടായിരുന്ന റെജി എബനേസറിന്റെ ബിസിനസ് സാമ്രാജ്യം 2007 മുതലാണ് തകർച്ചയെ നേരിട്ടു തുടങ്ങിയത്.

ലോക സാമ്പത്തിക മാന്ദ്യം ബിസിനസുകളെ ഞെരുക്കിക്കൊണ്ടിരിക്കുന്ന കാലത്ത് ടൂറിസം രംഗത്ത് ഗവൺമെന്റ് പുതിയ ചില

ശേഷം പേജ് 4

## ലോക പെന്തെക്കോസ്ത് കോൺഫറൻസ് സമാപിച്ചു



പാസ്റ്റർ പോൾ യോംഗി ചോ പ്രസംഗിക്കുന്നു.

ക്വാലാലംപൂർ: എഴുപതിൽ പരം രാജ്യങ്ങളിൽ നിന്നുള്ള പെന്തെക്കോസ്ത് പ്രതിനിധികളുടെ സമ്മേളനം ഓഗസ്റ്റ് 24 മുതൽ 30 വരെ ക്വാലാലംപൂർ കാൽവറി കൺവൻഷൻ സെന്ററിൽ നടന്നു.

ലോകത്തിലെ ഏറ്റവും വലിയ പ്രാദേശിക സഭയുടെ പ്രധാന പാസ്റ്ററായ ഡോ.ഡേവിഡ് യോംഗി ചോ, പെന്തെക്കോസ്തൽ വേൾഡ് ഫെല്ലോഷിപ്പ് ചെയർമാൻ റവ. ഡോ. പ്രിൻസ് ഗുണരത്നം, ദി.റഡീംഡ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡ് (നൈജീരിയ) ജനറൽ ഓവർ സീയർ ഡോ. ഈനോക്ക് അഡേജറ, ദിഫോർസ്ക്വയർ ചർച്ച് പ്രസിഡന്റ് (യു.എസ്.എ) ഡോ. ഗ്ലെൻ ബെറുസ്, ന്യൂവൈൻ ചർച്ച് (യു.കെ) പ്രസിഡന്റ് ഡോ. റോയോ അഡോയാമി, ഓറൽ റോബർട്ട് യൂണിവേഴ്സിറ്റി പ്രസിഡന്റ് ഡോ. മാർക് റൂറ്റ്ലാൻഡ്, ഇന്റർ നാഷണൽ സെന്റർ ഫോർ സ്പിരിച്ച്വൽ റിന്യൂവൽ (യു.എസ്.എ) എക്സിക്യൂട്ടീവ് ഡയറക്ടർ റവ. വില്യം എം വിൽസൺ, ക്രൈസ്റ്റ് ഫോർ ഓർനേഷൻസ് പ്രസിഡന്റ് റവ. ഡാനിയേൽ കൊലെന്റ്, നാഷണൽ ഹിസ്പാനിക് ക്രിസ്ത്യൻ ലീഡർഷിപ്പ് കോൺഫറൻസ് (യു.എസ്.എ) പ്രസിഡന്റ് റവ. സാമുവേൽ റോഡ്രിഗ്സ് എന്നിവർ പ്രസംഗിച്ചു. 3500ലധികം പ്രതിനിധികൾ സംബന്ധിച്ചു. മൂന്നു വർഷത്തിൽ ഒരിക്കലാണ് സമ്മേളനം നടക്കുന്നത്.

മലയാളികളുടെ സാന്നിദ്ധ്യം കൊണ്ട് ഈ സമ്മേളനം ശ്രദ്ധേമായി.

ഇന്ത്യയിൽ നിന്നും അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിൽ 50 ലധികം മിഷൻ ലീഡേഴ്സും സഭാ നേതാക്കളും സംബന്ധിച്ചു.

## വാളകത്ത് സെമിത്തേരി തകർത്തു



വാളകം: വാളകം ഐ.പി.സിയുടെ സെമിത്തേരി അക്രമികൾ തകർത്ത നിലയിൽ. ആഗസ്റ്റ് 26നാണ് സംഭവം നടന്നത്. 80 വർഷം മുമ്പ് ബ്രിട്ടീഷ് ഭരണകാലത്ത് സഭക്കായി വാങ്ങിയ 24 സെന്റ് സ്ഥലത്താണ് സെമിത്തേരി സ്ഥിതി ചെയ്യുന്നത്. ഇതുവരെ 1000-ലധികം പേരെ ഈ സെമിത്തേരിയിൽ സംസ്ക്കരിച്ചിട്ടുണ്ട്. വാളകം ഐ.പി.സി.സഭയുടെ നേതൃത്വത്തിൽ നാലു ലക്ഷത്തോളം രൂപ ചിലവാക്കി പുതിയ രീതിയിലുള്ള സെല്ലുകൾ നിർമ്മിച്ചു കഴിഞ്ഞ ഉടനെയാണ് അക്രമികൾ സെല്ലുകൾ നിശേഷം തകർത്തത്. വാളകം സഭയിൽ നിന്ന് മാറി ആരാധിക്കുന്ന സെമിത്തേരി ഉണ്ടാക്കുവാൻ കഴിവില്ലാത്തവർക്കും പ്രയോജനമാകത്തക്ക നിലയിലാണ് സെമിത്തേരി നിർമ്മിച്ചിരുന്നത്.

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ കേസ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അക്രമികളെ ഇതുവരെ അറസ്റ്റു ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പ്രതികളെ കോടതിയിൽ ഹാജരാക്കി നശിപ്പിച്ച കല്ലറകൾ പുതുതായി നിർമ്മിച്ച് നൽകി പ്രശ്നം ഒത്തു തീർപ്പാക്കാനുള്ള മദ്ധ്യസ്ഥ ശ്രമങ്ങളും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഇപ്പോൾ നടന്നു വരുന്നു. പാസ്റ്റർ ജോൺസൺ നൈനാൻ വാളകം ഐ.പി.സി.സഭാ ശുശ്രൂഷകനാണ്. പാസ്റ്റർ സണ്ണി കുര്യൻ സെന്റർ ശുശ്രൂഷകനായും സേവനമനുഷ്ഠിക്കുന്നു. 84 വർഷം പഴക്കമുള്ള ഈ സഭയ്ക്ക് നേരിട്ട വലിയ പ്രതിസന്ധിയിൽ പാസ്റ്റർ കെ.എം. ജോസഫ് ഒഴികെ ഐ.പി.സിയുടെ പ്രമുഖ നേതാക്കന്മാരാരും പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയോ സ്ഥലം സന്ദർശിക്കുകയോ ചെയ്യാത്തിൽ സഭ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

# വാക്കുകൾ പ്രചോദനങ്ങളാകട്ടെ



ഇവാ.അനീഷ് തോമസ്

കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ വിജയിച്ചവരുടെയിടയിൽ നിറഞ്ഞുനിന്നൊരു മുഖമുണ്ട്; കോഴഞ്ചേരിക്കാരൻ ലിപിൻ രാജ് ഏതോ ഒരു മോട്ടി ചെറിയാന്റെ വാക്കുകൾ തന്റെ ജീവിതത്തിൽ വഴിത്തിരിവായെന്ന് ലിപിൻ. ചെറിയ ചില വാക്കുകൾ ചരിത്രത്തെയാകമാനം സ്വാധീനിച്ചിട്ടുണ്ട്. പരാജയത്തിലേക്കും തകർച്ചയിലേക്കും കൂപ്പുകുത്തിയ പലരെയും കൈപിടിച്ചുയർത്തിയിട്ടുണ്ട് ചില വാക്കുകൾ. സഹജീവികളെ ഉത്സാഹഭരിതരാക്കുന്ന പ്രചോദനങ്ങളായിരിക്കണം നമ്മുടെ നാവിൽ നിന്നുതിർന്നു വീഴുന്ന ഓരോ വാക്കുകളും.

ദൈവം മനുഷ്യന് നൽകിയ അതിപ്രധാനമായൊരു ഗുണവിശേഷമാണ് സംസാരശേഷി. ദൈവ സാദൃശ്യത്തിന്റെ ഒരു ഭാവം തന്നേയാണിത്. കാരണം ദൈവം സംസാരിക്കുന്ന ദൈവമാണ്. അതു കൊണ്ട് തന്നെ ദൈവം ഊമ വിഗ്രഹങ്ങളെയും വിഗ്രഹാരാധനയെയും വെറുക്കുന്നു. ആദിമനുഷ്യനായ ആദം ദൈവവുമായുള്ള വിശുദ്ധ ബന്ധത്തിന്റെ ഭാഗഭാക്കായിരുന്നു. ദൈവഹൃദയത്തിന്റെ ഇഷ്ടങ്ങളെയും അനിഷ്ടങ്ങളെയും താൻ തിരിച്ചറിഞ്ഞു. പാപം മനുഷ്യനിൽ വരുത്തിവച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ദൈവവുമായുള്ള ആശയവിനിമയം നഷ്ടമാക്കി എന്നുള്ളതാണ്.

സഹോദരന്റെ (അന്ത്രെയോസ്) പ്രേരണയിൽ യിസ്രായേലിന്റെ മശിഹായെ കാണാനാണ് ശിമോൻ പോയത്. ആരും ഒരിക്കലും തന്നോട് പറഞ്ഞു കാണില്ല ഒരു ഉത്തേജനത്തിന്റെ വാക്കുകൾ. എന്നാൽ അവിടെവച്ച് യേശു പറഞ്ഞ വാചകങ്ങൾ, മുക്കുവനായ ശിമോന്റെ ജീവിതത്തെ മുഴുവൻ മാറ്റി മറിച്ചു. "നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്ക് കേഫാ എന്ന് പേരാകും എന്നു പറഞ്ഞു. അത് പത്രോസ് എന്നാകുന്നു" (യോഹ.1:42). രാത്രി മുഴുവൻ അദ്ധ്വാനിച്ചു ക്ഷീണിച്ചവശനായിരിക്കുമ്പോൾ ഇതാ മറ്റൊരത്ഭുതം. പടകു നിറഞ്ഞതു മാത്രമല്ല, താനൊരിക്കൽ കേട്ട ലാവണ്യ വാക്കുകൾ വീണ്ടും കേൾക്കുന്നു. "ഭയപ്പെടേണ്ട, ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നു പറഞ്ഞു" (ലൂക്കോസ് 5:10). ശീമോൻ പടകും വലയും എല്ലാം വിട്ടു യേശുവിനെ അനുഗമിക്കുന്നു. ശീമോനെപ്പോലെ അനുഗമിച്ച പലരും യേശുവിനെ വിട്ട് പോകുമ്പോൾ ശീമോൻ പറയുന്നു, "കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്." (യോഹന്നാൻ 6:68). ചില വർഷങ്ങൾ കഴിയുമ്പോൾ മാളികമുറിയിൽ നിന്ന് ധൈര്യപൂർവ്വം പ്രസംഗിക്കുന്ന ശിമോൻ പത്രോസിനെ കാണാം. ഒറ്റ പ്രസംഗത്തിൽ 3000 പേരെയാണ് ആ മുക്കുവൻ ദൈവരാജ്യത്തിന്റെ പടകിലേക്ക് വലിച്ചു കയറ്റിയത്. ജോസിഫസും, റ്റാസിറ്റസും ഫിലെയുമൊക്കെ ഗ്രന്ഥരചനയിലും മറ്റും വിരാജിച്ചിരുന്ന കാലയളവിൽ വിദ്യാവിഹീനനായ ശീമോൻ പത്രോസും ഒരെഴുത്തുകാരനായി മാറി. ദൈവരാജ്യത്തിന്റെ എഴുത്തുകാരൻ, അനേകരെ ജീവിപ്പിക്കുന്ന ദൈവവചനത്തിൽ ഒരു ഭാഗം എഴുതുവാൻ ഭാഗ്യം ലഭിച്ചവൻ.

സെബദിയുടെ പുത്രന്മാരായ യാക്കോബും, യോഹന്നാനും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും, ചുങ്കക്കാരനായ സക്കായിയുമൊക്കെ യേശുവിന്റെ ജീവവചസ്സുകളുടെ മാധുര്യം നുകർന്നവരാണ്. പാപികളായ മനുഷ്യവർഗ്ഗത്തിനുള്ള സന്ദേശമാണ് 'യേശുക്രിസ്തു'. ദൈവവചനത്തിന്റെ വ്യക്തിത്വമാണ് ക്രിസ്തു. അതേ, നിത്യജീവന്റെ വചനമായ ക്രിസ്തുവിന്റെ വാക്കുകൾ ഇന്നും അനേകായിരങ്ങളെ ജീവിപ്പിക്കുന്നു. ക്രിസ്തുവിൽ ജീവിക്കുന്നവർ വചനത്താൽ ജീവിക്കും. അനേകരെ ജീവിപ്പിക്കും. യെശയ്യാ പ്രവാചകൻ പറഞ്ഞതു പോലെ തളർന്നിരിക്കുന്നവരെ വാക്കു കൊണ്ട് താങ്ങുവാൻ ശിഷ്യന്മാരുടെ നാവ് നമ്മിലുണ്ടായിരുന്നെങ്കിൽ.......(യെശയ്യാവ് 50:4)

## ദേശീയ പ്രാർത്ഥനാ ദിനാചരണം



*ഗവൺമെന്റ് ചീഫ് വിപ്പ് പി.സി.ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു*

റാന്നി: അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെയും ഫെയ്ത്ത് മിനിസ്ട്രീസ് ഓഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ ദേശീയ ഐക്യപ്രാർത്ഥനാ ദിനാചരണവും സ്വാതന്ത്ര്യദിന പ്രാർത്ഥനാറാലിയും നടന്നു. പ്രഭാത ആരാധനയിൽ സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി ഡോ. ബാബു ജോർജ്ജ് അധ്യക്ഷനായിരുന്നു. റവ. എം. കുഞ്ഞപ്പി കർതൃമേശയ്ക്ക് നേതൃത്വം നല്കി. റവ. ബിജു വർഗ്ഗീസ് (മധ്യപ്രദേശ്) സന്ദേശം നല്കി.

റാന്നി എം.എൽ.എ. രാജു ഏബ്രഹാം പതാകയുയർത്തി. പ്രാർത്ഥനാറാലി വൈ.എം.സി.എ.സംസ്ഥാന ചെയർമാൻ ലെബി ഫിലിപ്പ് മാത്യു ഫ്ളാഗോഫ് ചെയ്തു. ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും സമാധാനത്തിനും വേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് ഡോ.ബാബു ജോർജ്ജ് നേതൃത്വം നല്കി. പ്രസ്ബിറ്റർമാരായ റവ.സജി ഏബ്രഹാം, റവ.ആന്റണി തോമസ്സ്, റവ.തോമസ്സ് ചാക്കോ, റവ.ജെയിംസ് ഏബ്രഹാം എന്നിവർ പങ്കെടുത്തു.

'ഭാരതം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടന്നു. ഡോ. ബാബു ജോർജ്ജ് അധ്യക്ഷത വഹിച്ചു. റവ. ഇ. എ. ഏബ്രഹാം, പ്രൊഫ.ഡോ. സജി ചാക്കോ, ബെന്നി പുത്തൻപറമ്പിൽ, തുടങ്ങിയവർ ചർച്ച നയിച്ചു. പൊതുസമ്മേളനം ഗവൺമെന്റ് ചീഫ് വിപ്പ് പി.സി.ജോർജ്ജ് ഉദ്ഘാടനം ചെയ്തു. റവ.കെ.സി.തോമസ് മുഖ്യപ്രഭാഷണം നടത്തി. റവ.ഡോ.പി.എസ് ഫിലിപ്പ്, അഡ്വ. ഏബ്രഹാം മാത്യു പനച്ചിമൂട്ടിൽ, ആലിച്ചൻ ആറൊന്നിൽ എന്നിവർ ആശംസകൾ അറിയിച്ചു. റവ.സിബി ഫിലിപ്പ് സ്വാഗതവും റവ.ജിനു കെ.വർഗ്ഗീസ് കൃതജ്ഞതയും പറഞ്ഞു.

## സ്വാതന്ത്ര്യദിന റാലിയും പരസ്യയോഗവും

ഉപ്പുതറ: ഐ.പി.സി.ഉപ്പുതറ സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനത്തിൽ കട്ടപ്പന മുതൽ ചപ്പാത്ത് വരെ വാഹന റാലിയും പരസ്യയോഗങ്ങളും നടത്തി. പാസ്റ്റർ കെ.വി. വർക്കി പ്രാർത്ഥിച്ചാരംഭിച്ചു. പാസ്റ്റർ കെ.ജെ.ജോസഫ്കുട്ടി, പാസ്റ്റർ വി. കെ.ജേക്കബ്, പാസ്റ്റർ സുനിൽ വി. ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ ഈശോ തോമസ്, പാസ്റ്റർ ബിനു ബേബി, പാസ്റ്റർ ഷാജിമോൻ എന്നിവർ നേതൃത്വം നൽകി.

## സുവിശേഷ പ്രവർത്തനം

വിഴിഞ്ഞം: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ വിഴിഞ്ഞം ഏര്യായുടെ പി.വൈ.പി.എ.ആഗസ്റ്റ് 15-ന് തിരുവനന്തപുരം കാര്യവട്ടം-കഴക്കൂട്ടം തുടങ്ങിയ സ്ഥലങ്ങളിൽ ഇവാ.പോൾ രഞ്ജിത്തിന്റെയും, അനീഷ് ബാബുവിന്റെയും നേതൃത്വത്തിൽ ട്രാക്ട് വിതരണവും സുവിശേഷ ഘോഷണവും നടത്തി. ഏര്യാ ശുശ്രൂഷകൻ പാസ്റ്റർ പി.എം.ജോൺസൺ മുഖ്യസന്ദേശം നൽകി.

## ഛത്തീസ്ഗഡിൽ സുവിശേഷകരെ അറസ്റ്റു ചെയ്തു

ഛത്തീസ്ഗഡ്: ഛത്തീസ്ഗഡിൽ മഹാസമുന്ദ് ജില്ലയിലെ പട്ടേവാതർ പോഗി എന്ന ഗ്രാമത്തിലെ ഗ്രാമവാസികളും പഞ്ചായത്തു മെമ്പറും ചേർന്ന് ധനരാം നിഷാദ്, അശോക് കുമാർ എന്നിവരെ മതപരിവർത്തനത്തിന് പ്രേരിപ്പിക്കുകയും, ഹിന്ദു വീടുകളിൽ പൂജാ കർമ്മങ്ങൾ നിക്ഷേധിക്കുവാനും വിഗ്രഹങ്ങൾ ഉപേക്ഷിക്കുവാനും പ്രേരിപ്പിക്കുന്നു എന്നാരോപിച്ച് കേസ് ചാർജ്ജു ചെയ്ത്, രണ്ടു പേരെയും അറസ്റ്റു ചെയ്തു. നവംബറിൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിനെ ലക്ഷ്യമിട്ടുകൊണ്ടാണ് ഇങ്ങനെ പരാതിയും അറസ്റ്റും.

## ഐ.പി.സി.സണ്ടേസ്കൂൾസ് അസോസിയേഷന്റെ പുത്തൻ കാൽവെപ്പ്

**കുമ്പനാട്:** കേരളത്തിലെ പതിമൂന്ന് മേഖലകളിലും സണ്ടേസ്കൂൾ കേന്ദ്ര കമ്മറ്റിയുടെ ചുമതലയിൽ പ്രവർത്തന കൂട്ടായ്മകൾ നടന്നു. ഓരോ മേഖലയിലും നൂറു കണക്കിന് പ്രവർത്തകർ സമ്മേളിച്ചു. പുതിയ പ്രവർത്തന വർഷത്തെ സർക്കുലർ മേഖല, സെന്റർ ഭാരവാഹികളുടെ പക്കൽ നേരിട്ട് എത്തിച്ചു. അദ്ധ്യാപകരുടെ അഭിപ്രായങ്ങൾ പങ്ക് വയ്ക്കുവാൻ അവസരവും, രജിസ്റ്റർ ചെയ്യാത്ത സൺഡേസ്കൂളുകൾക്ക് പുതുതായി രജിസ്റ്റർ ചെയ്യുവാനുള്ള അവസരം ഒരുക്കുകയും ചെയ്തു. കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള 13 മേഖലകളിൽ ജൂൺ, ജൂലൈ മാസങ്ങളിലാണ് നടന്നത്. സൺഡേസ്കൂൾ ചരിത്രത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്ത എല്ലാ സൺഡേസ്കൂളുകൾക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. പതിമൂന്ന് അക്കമുള്ള സ്ഥിരമായ നമ്പറാണ് നൽകിയിരിക്കുന്നത്. മൂന്നു വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കുമ്പോൾ നമ്പർ മാറുന്നില്ല. ഡയറക്ടർ കുര്യൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ് കേന്ദ്ര കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## റ്റി.പി.എം. അഖിലേന്ത്യാ ശുശ്രൂഷക സമ്മേളനം

ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ അഖിലേന്ത്യാ ശുശ്രൂഷക സമ്മേളനം സെപ്തംബർ 3–5 വരെ ചെന്നൈ താമ്പരത്തിനടുത്ത് ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. ചീഫ് പാസ്റ്റർ വിത്സൻ ജോസഫ്, ഡപ്യൂട്ടി ചീഫ് പാസ്റ്റർ വെസ്ലി പീറ്റർ, അസോഷ്യേറ്റ് ഡപ്യൂട്ടി ചീഫ് പാസ്റ്റർ എൻ.സ്റ്റീഫൻ എന്നിവർ നേതൃത്വം നൽകും.

## ബൈബിൾ സെമിനാർ

എറണാകുളം: ഗ്രേറ്റ് കമ്മീഷൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ബൈബിൾ സെമിനാർ സെപ്തംബർ 9–11 വരെ ചിറ്റൂർ റോഡിലുള്ള വൈ.എം.സി.എ. ഇന്റർനാഷണൽ മെയിൻ ഹാളിൽ നടക്കും. പാസ്റ്റർ ബാബു ചെറിയാൻ പ്രസംഗിക്കും.

## ഉണർവ്വ് യോഗങ്ങൾ

കൊച്ചി: മാമംഗലം റിവൈവൽ ടാബർനാക്കിൾ സഭയുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 16–22 വരെ 7 ദിവസത്തെ ഉണർവ്വ് യോഗങ്ങൾ നടക്കുന്നു. അഭിഷിക്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു. 9387549185

## ഭാരവാഹികൾ

പാലക്കാട്: ഐ.പി.സി.പാലക്കാട് നോർത്ത് സെന്റർ ഭാരവാഹികളായി പ്രസിഡന്റ് പാസ്റ്റർ എം.വി.മത്തായി, വൈസ് പ്രസിഡന്റ് ജയിംസ് അബ്രഹാം, സെക്രട്ടറി പാസ്റ്റർ ബോവസ് സുഭാഷ്, ജോ.സെക്രട്ടറി പാസ്റ്റർ റെജു തരകൻ, ട്രഷറാർ പീറ്റർ മമ്മ, ജോ.ട്രഷറാർ സി.സി. ബാബുക്കുട്ടി, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ വിനോദ് ഭാസ്ക്കർ, ഇവാഞ്ചലിസം കൺവീനർ പാസ്റ്റർ വി.കെ.സോമൻ, ഇവാഞ്ചലിസം സെക്രട്ടറി പാസ്റ്റർ കെ.എ.അബ്രഹാം എന്നിവരെ തിരഞ്ഞെടുത്തു.

## ദുരിതാശ്വാസ സഹായ വിതരണം

ആലപ്പുഴ: ഐ.പി.സി.ആലപ്പുഴ വെസ്റ്റ് സെന്ററിൽ വെള്ളപ്പൊക്കം മൂലം ബുദ്ധിമുട്ട് അനുഭവിച്ച കുട്ടനാട്ടിലും, ദുരിതാശ്വാസ ക്യാമ്പുകളിലും, തീരപ്രദേശത്തും കഴിയുന്ന വിശ്വാസികൾക്ക് ഐ. പി. സി. കേരള സംസ്ഥാന കൗൺസിലിന്റെ വകയായി 100 കുടുംബങ്ങൾക്കും, സംസ്ഥാന പി.വൈ.പി.എ.യുടെ വകയായി 110 കുടുംബങ്ങൾക്കും, കുമ്പനാട് ഐ.പി.സി.ഹെബ്രോൺ സഭയുടെ വകയായി 700 കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ മൂന്ന് ഘട്ടങ്ങളിലായി വിതരണം ചെയ്തു. ഇവരോടൊപ്പം സഹോദരന്മാരായ ജോർജ്ജ് റ്റി. സാമുവൽ, സണ്ണി മുള്ളമ്മൂട്ടിൽ, അടൂർ ബാബു എന്നിവരും പങ്കാളികളായി.

പാസ്റ്റർ എബ്രഹാം ജോർജ്ജ്, പി.വൈ.പി.എ. സംസ്ഥാന ഭാരവാഹികൾ, ആലപ്പുഴ വെസ്റ്റ് സെന്റർ പി. വൈ. പി. എ. ഭാരവാഹികളും, കുമ്പനാട് ഹെബ്രോൺ സഭ വിശ്വാസികളും നേതൃത്വം നൽകി.


### ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

### ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

### ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം,
പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

### PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ



# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

## നിരാഭരണത്വം ഉപദേശമാക്കിയതും പിന്നെ അയച്ചു വിട്ടതും

> കേരളത്തിലെ പെന്തെക്കോസ്തു വളർച്ചയെ തടഞ്ഞു നിർത്തുവാൻ സാത്താൻ അതിവിദഗ്ദ്ധമായി ഉപയോഗപ്പെടുത്തിയ ഒരു വേദപുസ്തക വിരുദ്ധ ഉപദേശമാണ് ആഭരണ വർജ്ജനം എന്ന് ഞാൻ വിശ്വസിക്കുന്നു. ലക്ഷക്കണക്കിന് ആത്മാക്കൾക്ക് സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ അടച്ചുറപ്പാക്കുവാൻ സാത്താൻ ഉപയോഗിച്ച കെണി.

മലയാളി പെന്തെക്കോസ്തിന് സംഭവിച്ച 10 മണ്ടത്തരങ്ങൾ എന്ന പേരിൽ എഴുതിക്കൊണ്ടിരുന്ന ആർട്ടിക്കിളിന്റെ അഞ്ചാം ഭാഗം ഇവിടെ പ്രസിദ്ധീകരിക്കുന്നു.

**5. നിരാഭരണത്വം ഉപദേശമാക്കിയതും പിന്നെ അയച്ചു വിട്ടതും**

മലയാളി പെന്തെക്കോസ്തിന്റെ പത്ത് മണ്ടത്തരങ്ങളെ ലിസ്റ്റ് ചെയ്തതിൽ അഞ്ചാമത്തേതാണ് ആഭരണ വിരോധം. യാത്രക്കിടയിൽ എന്ന ഈ പംക്തിയിൽ പല തവണ ചർച്ച ചെയ്തിട്ടുള്ള ഈ വിഷയം വീണ്ടും എഴുതുന്നതിലെ അനൗചിത്യം അറിയാം. എങ്കിലും ഇത്തരമൊരു ലിസ്റ്റിൽ ഈ വിഷയം ഉൾപ്പെടുത്താതിരിക്കാനാവാത്തതിനാൽ അത്തരമൊരു സാഹസത്തിന് വീണ്ടും മുതിരുന്നു.

കേരളത്തിലെ ക്രൈസ്തവ സഭകളുടെ പാരമ്പര്യം സെന്റ് തോമസിന്റെ വരവോടെയാണല്ലോ ആരംഭിക്കുന്നത്. എ.ഡി.52 മുതൽ നൂറ്റാണ്ടുകളിലൂടെ വികാസം പ്രാപിച്ച മലയാള ക്രൈസ്തവ പാരമ്പര്യത്തിൽ ഒരിടത്തും ആഭരണവർജ്ജനം ഒരു പഠിപ്പിക്കലായി രൂപപ്പെട്ടിരുന്നില്ല. പിന്നെ എങ്ങനെയാണ് പെന്തെക്കോസ്ത് ആരംഭിച്ചപ്പോൾ ആഭരണമുപേക്ഷിക്കൽ ഒരു ഉപദേശമായി മാറിയത്? ദൈവവചനത്തിൽ നിന്ന് തെളിയിക്കുവാനോ സ്ഥാപിക്കുവാനോ സാധിക്കാത്ത ഒരു കാര്യത്തെ പെന്തെക്കോസ്തിൽ ചേരുന്നതിന്റെ പ്രത്യക്ഷ അടയാളമാക്കി മാറ്റിയത് ആരാണ്? ചരിത്രത്തിൽ പുറകോട്ട് നടന്ന് ചികയുമ്പോൾ ലഭ്യമാകുന്ന ചില അറിവുകൾ പങ്ക് വയ്ക്കട്ടെ:

യുയോമയ സഭയുടെ സ്ഥാപകനായ വിദ്വാൻകുട്ടിയെന്ന യൂസ്തോസ് ജോസഫാണ് കേരളത്തിൽ ക്രിസ്തീയ ജീവിതത്തിന്റെ ഭാഗമായി ആഭരണം ഉപേക്ഷിക്കണമെന്ന് ആദ്യമായി ആഹ്വാനം ചെയ്തത്. തമിഴ് ബ്രാഹ്മണനായിരുന്ന വിദ്വാൻകുട്ടി പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിലാണ് അതിമനോഹരമായ പ്രത്യാശാ ഗാനങ്ങളുമായി മലങ്കരയിൽ ഉണർവ്വ് മഴ പെയ്യിച്ചത്. ഒരു യോഗത്തിൽ വെച്ച് സ്ത്രീകൾ താലിമാല ഉൾപ്പെടെ സ്വർണ്ണാഭരണങ്ങളെല്ലാം സ്തോത്രകാഴ്ച പാത്രത്തിൽ ഇടണമെന്ന് വിദ്വാൻകുട്ടി പ്രഖ്യാപിക്കുകയായിരുന്നു. കർത്താവ് ഇപ്പോൾ വരുമെന്ന് പ്രതീക്ഷിച്ചിരുന്ന യെരുശലേമിലെ വിശ്വാസികളുടെ അവസ്ഥയായിരുന്നു യൂസ്തോസ് ജോസഫിന്റെ അനുയായികളുടേത്. യരുശലേമിലെ ആദ്യവിശ്വാസികൾ തങ്ങളുടെ ഭൂമി വിറ്റ് അപ്പൊസ്തലന്മാരുടെ കാൽക്കൽ വച്ചതുപോലെ ഇവിടെ ആഭരണമൂരി സ്തോത്രകാഴ്ച പാത്രത്തിലിട്ടു.

ആഭരണധാരണത്തെ നഖശിഖാന്തം എതിർക്കുന്ന അതിവിശുദ്ധന്മാരായ പലരും അതിന് ഉപോത്ബലകമായി തപ്പിയെടുക്കുന്ന വാക്യങ്ങളിലൊന്ന് “യിസ്രായേൽ മക്കൾ തങ്ങളുടെ ആഭരണങ്ങൾ കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ടു” എന്നതാണ്. പഴയനിയമത്തിലെ ഈ ഒരു വാക്യത്തിന്റെ കോണ്ടസ്റ്റ് മനസ്സിലാക്കാതെയാണ് ഉപദേശം സ്ഥാപിക്കുവാൻ ഈ വാക്യത്തെ കൂട്ടുപിടിക്കുന്നത്. എങ്കിലും ആ വാക്യം ഉന്നയിച്ച് ആഭരണം ഉപേക്ഷിക്കാൻ പറയുന്നവരോട് എനിക്ക് ചോദിക്കാനുള്ള ഏകചോദ്യം ഇതാണ്. വചനം അനുസരിക്കാനാണെങ്കിൽ ആഭരണം ഊരിയാൽ മാത്രം പോരല്ലോ അത് കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചു മൂടി ഉപേക്ഷിക്കണ്ടേ? വിദ്വാൻകുട്ടി മുതലുള്ള വിദ്വാന്മാരാരും അത്തരമൊരു സാഹസത്തിന് മുതിർന്നതായി കേട്ടിട്ടില്ല.

വിദ്വാൻകുട്ടി, തുടർന്നു വന്ന സാധു കൊച്ചുകുഞ്ഞുപദേശി, പിന്നെ സൈമൺസാർ ഈ നവീകരണക്കാരിലൂടെയാണ് നിരാഭരണത്വം മലങ്കരയിൽ ഒരു ക്രിസ്തീയ ഉപദേശമായി വേരു പിടിക്കുന്നത്. ഇവർ മൂന്നു പേരും മോക്ഷപ്രാപ്തിക്ക് സർവ്വാംഗ പരിത്യാഗം എന്ന ഹൈന്ദവികവും ഭാരതീയവുമായ ആശയത്തോട് ആഭിമുഖ്യമുള്ളവരായിരുന്നു. യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിലൂടെ പാപമോചനം ലഭിച്ചാലും രക്ഷയുടെ പൂർത്തീകരണത്തിന് ആഡംബര രഹിത ജീവിതക്രമവും ആവശ്യമാണെന്ന നല്ല ഒരു ആശയമാണ് അവർ മുന്നോട്ടുവച്ചത്. അത് വെറും ആഭരണവർജ്ജനം എന്ന പേരിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല. ലാളിത്യവും ലോകത്തോടുള്ള വേർപാടും ജീവിതരീതിയാക്കിയതിന്റെ ഭാഗമായാണ് ആഭരണവും ഉപേക്ഷിച്ചത്. അവർ അതിന് വേദപുസ്തക ഉപദേശമെന്ന നിറം നൽകിയില്ലെന്നതാണ് വാസ്തവം.

ഇതിനിടെ അമേരിക്കയിൽ പരിശുദ്ധാത്മാവിന്റെ പിൻമഴ പെയ്തു തുടങ്ങി. ആദ്യകാല പെന്തെക്കോസ്ത് ഹോളിനസ് മൂവ്മെന്റിന്റെ തുടർച്ചയായിരുന്നതിനാൽ ആഭരണം പോലെയുള്ള ആർഭാടങ്ങൾ വർജ്ജിക്കുവാൻ ആരെയും നിർബ്ബന്ധിക്കേണ്ടി വന്നില്ല. ആദ്യകാലത്ത് കേരളത്തിൽ വന്ന പെന്തെക്കോസ്ത് മിഷനറിമാർ ആഭരണം ഉപയോഗിച്ചിരുന്നില്ല. അതിന്റെ കാരണം എന്തായിരുന്നു എന്ന് എനിക്കറിയില്ല. അമേരിക്കയിലെ ഹോളിനസ് മൂവ്മെന്റിന്റെ തുടർച്ചയായി രൂപപ്പെട്ട പെന്തെക്കോസ്തിന്റെ ആരംഭകാല ലാളിത്യം തന്നെയാകാം അതിന്റെ കാരണം. അമേരിക്കയിൽ ഉടലെടുത്ത ചർച്ച് ഓഫ് ഗോഡ് പ്രസ്ഥാനം 1958 വരെ ആഭരണധാരണത്തെ അംഗീകരിച്ചിരുന്നില്ല. 1958-ൽ നടന്ന ജനറൽ അസംബ്ലിയാണ് വിവാഹ മോതിരം അനുവദിച്ചു കൊണ്ട് നിയമം പാസ്സാക്കിയത്.

കേരളത്തിൽ സൈമൺ സാറിന്റെ വിയോജിത പ്രസ്ഥാനത്തിലൂടെ പെന്തെക്കോസ്തിലെത്തിയ കെ.ഇ. ഏബ്രഹാം ഉൾപ്പെടെയുള്ള നേതാക്കൾ സൈമൺ സാറിലൂടെ ലഭിച്ച നിരാഭരണ ഉപദേശത്തിന് വ്യാപകമായ അംഗീകാരം നൽകി. ആഭരണം ഊരേണ്ടത് പെന്തെക്കോസ്തിൽ ചേരുന്നതിന്റെ അടിസ്ഥാനപ്രമാണമാക്കി മാറ്റി. അങ്ങനെ ഭർത്താവ് കെട്ടിയ താലിമാല പൊട്ടിച്ചെറിഞ്ഞതിന് തല്ലുകൊണ്ട നൂറുകണക്കിന് സ്ത്രീകൾ പെന്തെക്കോസ്ത് സഭകളിൽ ഇന്നുമുണ്ട്. ഐ.പി.സിയുടെ ഭരണഘടനാ ശില്പികൾ വിവേകപൂർവ്വം ഒരു കാര്യം ചെയ്തു. ഭരണഘടനപ്രകാരം നാടകം കാണുന്നതു പോലെയുള്ള കാര്യങ്ങൾ വർജ്ജിക്കേണ്ടുന്ന പാപമാണ്. എന്നാൽ ആഭരണത്തെക്കുറിച്ച് ഭരണഘടന നിശബ്ദത പാലിച്ചു. അതുകൊണ്ട് കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ ആഭരണം അണിഞ്ഞ പതിനായിരക്കണക്കിന് വിശ്വാസികൾ ഇന്നും ഐ.പി.സിക്കുണ്ട്.

കേരളത്തിലെ പെന്തെക്കോസ്തു വളർച്ചയെ തടഞ്ഞു നിർത്തുവാൻ സാത്താൻ അതിവിദഗ്ദ്ധമായി ഉപയോഗപ്പെടുത്തിയ ഒരു വേദപുസ്തക വിരുദ്ധ ഉപദേശമാണ് ആഭരണ വർജ്ജനം എന്ന് ഞാൻ വിശ്വസിക്കുന്നു. ലക്ഷക്കണക്കിന് ആത്മാക്കൾക്ക് സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ അടച്ചുറപ്പാക്കുവാൻ സാത്താൻ ഉപയോഗിച്ച കെണി. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ആഭരണവിഷയത്തിൽ അനാവശ്യമായ കടുംപിടുത്തം ഒഴിവാക്കിയിരുന്നെങ്കിൽ പെന്തെക്കോസ്ത് ഇന്നുള്ളതിന്റെ അനേക മടങ്ങ് വളർച്ച കൈവരിച്ചേനേ. ആ നിലക്ക് മലയാളി പെന്തെക്കോസ്തിന്റെ അബദ്ധങ്ങളിൽ മുഖ്യസ്ഥാനങ്ങളിലൊന്ന് ആഭരണ വർജ്ജന തീരുമാനത്തിനാണ്.

ആഭരണ വർജ്ജനത്തിന്റെ ഗുണപരമായ വശത്തെ കണക്കാക്കാതെയല്ല ഞാനിത് പറയുന്നത്. നമ്മുടെ വേർപാടിന്റെ പ്രത്യക്ഷ തെളിവായിരുന്നു ആഭരണമില്ലായ്മ (സ്ത്രീകൾക്ക് മാത്രമേ ഈ വേർപാട് ഉണ്ടായിരുന്നുള്ളുവെങ്കിലും) നമ്മുടെ സമൂഹത്തിന്റെ ഐഡന്റിറ്റി തന്നെ നിരാഭരണത്വമായി മാറി.

അങ്ങനെ ആഭരണം ഉപേക്ഷിച്ച് ആരംഭിച്ച നാം കാണിച്ച ധീരത ആ ഉപദേശത്തിൽ നില നിൽക്കുന്നതിൽ നാം കാണിച്ചില്ലന്നതാണ് ആദ്യത്തേതിനേക്കാൾ വലിയ അബദ്ധമായത്. തമിഴ്നാട്ടിലും ആന്ധ്രയിലും ഉത്തരേന്ത്യയിലും നാം ആത്മാക്കളെ നേടുവാൻ ആഭരണം അനു

*ശേഷം പേജ് 5*

# വില്യം കോൾഗേറ്റിന്റെ വിജയഗാഥ..

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



**മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ: ഏതിൽ ഞങ്ങൾ അങ്ങയെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നേ. നിങ്ങൾ, ഈ ജാതി മുഴുവനും തന്നേ, എന്നെ തോല്പിക്കുന്നതുകൊണ്ട് നിങ്ങൾ ശാപഗ്രസ്തരാകുന്നു.**

ഒരിക്കൽ വില്യം എന്നു പേരുള്ള ഒരു പതിനാറുകാരൻ ജീവിതമാർഗ്ഗം തേടി ന്യൂയോർക്കിലേക്കു തിരിച്ചു. ഇംഗ്ലണ്ടിലെ കെന്റിൽ റോബർട്ട് കോൾഗേറ്റിനും സാറയ്ക്കും 1783-ൽ ജനിച്ച മകനായിരുന്നു വില്യം. അമേരിക്കയിലെ ബാൾട്ടിമോറിലേക്ക് കുടിയേറിയ റോബർട്ട് തന്റെ സ്നേഹിതനായ റാൽഫുമൊത്ത് മെഴുകുതിരിയും സോപ്പുമുണ്ടാക്കി വിൽക്കുന്ന തൊഴിലിലേർപ്പെട്ടു. വില്യം അവർക്ക് സഹായിയുമായി. പക്ഷേ, ആ തൊഴിലിലൂടെ അവരുടെ വീട്ടാവശ്യങ്ങൾക്കുള്ള വരുമാനം പോലും കണ്ടെത്തുവാൻ ഇരുവരും വളരെ ബുദ്ധിമുട്ടി. അങ്ങനെയാണ് വില്യം ജീവിതമാർഗ്ഗം തേടി ന്യൂയോർക്കിലേക്കു യാത്രതിരിച്ചത്.

യാത്രാമദ്ധ്യേ വില്യം ഒരു ബോട്ടിന്റെ ക്യാപ്റ്റനെ പരിചയപ്പെട്ടു. തന്റെ യാത്രയുടെ ഉദ്ദേശം അദ്ദേഹത്തോട് വില്യം അറിയിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുനിമിത്തം തന്റെ പിതാവിനു ഇനിയും തന്നെ സഹായിക്കാൻ കഴിയാത്തതിനാൽ ന്യൂയോർക്കിൽ ഏതെങ്കിലും തൊഴിൽ കണ്ടെത്തുകയാണ് തന്റെ ലക്ഷ്യമെന്ന് വില്യം പറഞ്ഞു. മാത്രമല്ല, സോപ്പും മെഴുകുതിരിയും ഉണ്ടാക്കാൻ മാത്രമെ തനിക്കറിയാവു എന്നും തന്മൂലം എന്തുഭവിക്കുമെന്ന ആശങ്കയും വില്യം പ്രകടമാക്കി.

ആ വൃദ്ധനായ ക്യാപ്റ്റൻ ഒരു ദൈവഭക്തനായിരുന്നു. അദ്ദേഹം, തമ്മിൽ വേർപിരിയും മുമ്പേ, വില്യമിനോടൊപ്പം മുട്ടുകുത്തി അവനുവേണ്ടി പ്രാർത്ഥിച്ചു. എന്നിട്ട്, നിയോഗം എന്ന നിലയിൽ പ്രസ്താവിച്ചു: ന്യൂയോർക്കിൽ ആരോ ഒരാൾ സോപ്പുണ്ടാക്കുന്ന ബിസിനസ്സിൽ വിശ്രുതനാകാൻ പോകുന്നു. ആ വ്യക്തി ഒരുപക്ഷേ താങ്കളാകാം അല്ലെങ്കിൽ മറ്റൊരാൾ ആകാം. എന്തായാലും നീ ഒരു നല്ല മനുഷ്യനായി ജീവിക്കണം. നിന്റെ ഹൃദയം യേശുവിനായി നൽകണം. നീ സോപ്പുണ്ടാക്കുമ്പോൾ അത് സത്യസന്ധതയോടെ ആയിരിക്കണം. നിന്റെ വരുമാനത്തിൽ ദൈവത്തിന് അവകാശപ്പെട്ടത് നീ ദൈവത്തിനു നൽകണം. ഈ കാര്യങ്ങൾ നീ ചെയ്താൽ തീർച്ചയായും ആ മനുഷ്യൻ നീ തന്നെയായിരിക്കും.

ന്യൂയോർക്കിലെത്തിയ വില്യം ആദ്യം തന്നെ ബൈബിൾ അനുസരിച്ച് ദൈവത്തെ ആരാധിക്കുന്ന ഒരു സഭയിൽ അംഗമായി. താമസിയാതെ, സോപ്പുണ്ടാക്കുന്ന ഒരാളോടൊപ്പം അപ്രന്റീസായി വില്യമിന് ജോലി ലഭിച്ചു. തനിക്കു കിട്ടിയ നിസാര വരുമാനത്തിന്റെ പത്തിലൊന്ന് ദൈവത്തിനായി അവൻ വേർതിരിച്ചു. സത്യസന്ധമായി ജോലിചെയ്ത വില്യം അതിവേഗം സോപ്പുണ്ടാക്കുന്നതിൽ വിദഗ്ദനായി. പുതിയ പുതിയ ആശയങ്ങൾ അവൻ നടപ്പിലാക്കി. അതോടൊപ്പം, തന്റെ തൊഴിലുടമയുടെ ദുർഭരണം കമ്പനിയുടെ പുരോഗതിയെ വിപരീതദിശയിൽ നയിക്കുന്നത് വില്യം തിരിച്ചറിഞ്ഞു. അതിലൂടെ, എങ്ങനെ ശരിയായി ഒരു കമ്പനി നടത്താമെന്ന പാഠം വില്യം വശത്താക്കി!

ദൈവത്തിന്റെ കരം അവനോടൊപ്പം ഉണ്ടായിരുന്നതിനാൽ, അധികം കഴിയുന്നതിനു മുമ്പേ വില്യം ഒരു സോപ്പു ഫാക്ടറി സ്വയം ആരംഭിച്ചു. സത്യസന്ധമായി പ്രവർത്തിച്ച വില്യമിന്റെ സോപ്പ് വേഗത്തിൽ ജനപ്രീതി നേടി. പണം ഒഴുകിവരുവാനാരംഭിച്ചു. പക്ഷേ, ലഭിക്കുന്ന ഓരോ ഡോളറിന്റെയും പത്തിലൊന്ന് ദൈവത്തിനായി അവൻ വേർതിരിച്ചു. മാത്രമല്ല, തന്റെ അക്കൗണ്ടന്റിനോട് കമ്പനിയുടെ ലഡ്ജറിൽ ദൈവത്തിനായി ഒരു ഹെഡിംഗ് ആരംഭിക്കുവാനും അതിൽ കമ്പനിയുടെ വരുമാനത്തിന്റെ പത്തിലൊന്ന് വീഴ്ചകൂടാതെ ചേർക്കുവാനും നിർദ്ദേശിച്ചു.

ദൈവാനുഗ്രഹത്താൽ വില്യമിന്റെ ബിസിനസ്സ് അതിവേഗം വളർന്നു വർദ്ധിച്ചു. വരുമാനം വർദ്ധിച്ചപ്പോൾ വില്യം ദൈവത്തിനുള്ള ഓഹരിയും വർദ്ധിപ്പിച്ചു. പത്തിലൊന്ന് ക്രമേണ പത്തിൽ രണ്ടായി, അത് പത്തിൽ മൂന്നായി, പത്തിൽ നാലായി ഒടുവിൽ പത്തിൽ അഞ്ചായി. എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും എന്ന ദൈവവചനം വില്യമിന്റെ ജീവിതത്തിൽ യാഥാർത്ഥ്യമാവുകയായിരുന്നു. അമേരിക്കൻ ബൈബിൾ സൊസൈറ്റിയുടെ ആരംഭകരിൽ ഒരാളാവാൻ ദൈവം വില്യമിനെ ഉപയോഗിച്ചു. മാത്രമല്ല, ന്യൂയോർക്കു പട്ടണത്തിൽ അഞ്ഞൂറ്റമ്പതേക്കറിൽ പരിലസിക്കുന്ന കോൾഗേറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകനായി വില്യം ഖ്യാതി നേടി. 1830-ൽ ന്യൂയോർക്ക് മേയറാവാൻ വരെ വില്യമിന് ക്ഷണം ലഭിച്ചെങ്കിലും അദ്ദേഹം അത് സ്നേഹപൂർവ്വം നിരസിക്കുകയായിരുന്നു.

പ്രവർത്തനങ്ങളിൽ സത്യസന്ധത പുലർത്തുകയും ദൈവം നൽകിയ ധനം ഉപയോഗിച്ച് ദൈവത്തെ ബഹുമാനിക്കുകയും ചെയ്ത വില്യമിന്റെ കോൾഗേറ്റ്-പാമൊലിവ് എന്ന ബിസ്സിനസ്സ് സാമ്രാജ്യം ഇന്ന് ലോകം മുഴുവനും പ്രസിദ്ധമാണ്. ഈ ഉപമയുടെ ലക്ഷ്യം കോൾഗേറ്റ് ഉത്പന്നങ്ങളുടെ പരസ്യമല്ല. മറിച്ച്, സത്യസന്ധമായ മാർഗ്ഗങ്ങളിലൂടെ നമുക്കു ലഭിക്കുന്ന ധനം ഉപയോഗിച്ച് ദൈവത്തെ ബഹുമാനിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ നാം ദൈവത്തെ തോല്പിക്കുകയാണെന്നും ഓർമ്മിപ്പിക്കുവാനാണ്.

യഹോവയെ നിന്റെ ധനംകൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലംകൊണ്ടും ബഹുമാനിക്കുക. (സദൃശ. 3:9)

മനുഷ്യന് ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ: ഏതിൽ ഞങ്ങൾ അങ്ങയെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നേ. നിങ്ങൾ, ഈ ജാതി മുഴുവനും തന്നേ, എന്നെ തോല്പിക്കുന്നതുകൊണ്ട് നിങ്ങൾ ശാപഗ്രസ്തരാകുന്നു. എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്ക് കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെവരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിക്കുവിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. (മലാഖി 3:8-10)

# സെലോഫഹാദിന്റെ പുത്രിമാരുടെ വിശ്വാസത്തിളക്കം



ഡോ.ജെസ്സി ജയ്സൺ



ഒന്നും രണ്ടുമല്ല, അഞ്ചായിരുന്നു സെലോഫഹാദിന് പെൺമക്കൾ-മഹ്ലാ, നോവാ, ഹൊഗ്ലാ, മിൽക്ക, തിർസാ. വേദപുസ്തക ചരിത്രത്തിൽ അതുല്യമായ പാദമുദ്ര പതിച്ച ഈ പുത്രിമാരെ നാമെന്തിനാണ് അവഗണിക്കുന്നതെന്നറിയില്ല. സംഖ്യ 27:1-11, 36:1-13 എന്നീ തിരുവെഴുത്തുകളിൽ ഈ പെൺകുട്ടികൾ ദൈവമുമ്പാകെ വച്ച അപേക്ഷയും, ദൈവത്തിന്റെ മറുപടിയും, അനന്തരമായി കുടുംബത്തലവന്മാർ മുന്നോട്ടുവച്ച നിബന്ധനയും, അതിന്മേൽ യഹോവയുടെ തീർപ്പും രേഖപ്പെടുത്തിയിരിക്കുന്നു.

**അപേക്ഷ:** മരുഭൂമിയിൽ മൃതിയടഞ്ഞ ഞങ്ങളുടെ അപ്പന് പുത്രന്മാരില്ലാത്തതിനാൽ പെൺമക്കളാകുന്ന ഞങ്ങൾക്ക് അപ്പന്റെ സഹോദരന്മാരുടെ ഇടയിൽ അവകാശം തരേണം. (സംഖ്യ 27:2-4)

**യഹോവയുടെ പ്രതികരണം:** പുത്രിമാർ പറയുന്നത് ശരി തന്നേ. അവർക്ക് അവകാശം കൊടുക്കേണം (സംഖ്യ 27:6-7)

**കുടുംബത്തലവന്മാരുടെ വ്യവസ്ഥ:** ഗോത്രം മാറി ഈ പുത്രിമാർ വിവാഹിതരായാൽ പിതൃഗോത്രത്തിന്റെ അവകാശം നഷ്ടപ്പെടും. അതനുവദിച്ചു കൂടാ. (സംഖ്യ 36:3)

**യഹോവയുടെ മറുപടി:** സെലോഫഹാദിന്റെ പുത്രിമാർ സ്വന്തഗോത്രത്തിലുള്ളവർക്ക് മാത്രം ഭാര്യമാരാകട്ടെ: അവകാശം ഇതര ഗോത്രത്തിലേക്ക് പോകുവാൻ പാടില്ല. (സംഖ്യ 36:6-9)

**സെലോഫഹാദിന്റെ പുത്രിമാർ**

ഈ പെൺകുട്ടികളുടെ പേരുകളൊക്കെ അവസാനിക്കുന്നത് **ah** എന്നായതിനാൽ **jehovah** എന്നതിന്റെ ചുരുക്കരൂപമാണെന്നും അവരുടേത് ഭക്തിയുള്ള കുടുംബമായിരുന്നു എന്നൊക്കെ കരുതപ്പെടുന്നുണ്ട്. കനാനിലേക്ക് പ്രവേശിക്കുന്ന സമയത്താണ് തികച്ചും അവിചാരിതമായ ഒരു നീക്കത്തിന് പെൺകുട്ടികൾ തയ്യാറായത്. പിതാവിനെ മരുഭൂമിയിൽ നഷ്ടപ്പെട്ട അവിവാഹിതരായ അഞ്ചു പെൺമക്കൾ. പ്രതീക്ഷയറ്റ് മനം തകരുന്ന സമയത്ത് വിശ്വാസത്തിന്റെ ഒരു ചുവടെടുക്കുവാൻ അവർക്ക് കഴിഞ്ഞു എന്നത് എത്ര അത്ഭുതകരമാണ്. അവരിലുണ്ടായിരുന്ന ചില സവിശേഷതകളെ നാമും ജീവിതത്തിൽ പകർത്തിയാൽ എത്ര നന്നായിരിക്കുംഎന്ന് വിശകലനം ചെയ്യാം.

**1). വിശ്വാസം:** അനാഥത്വത്തിന്റെ പിടിയിൽ ഞെരിഞ്ഞമരാനനുവദിക്കാതെ വിശ്വാസത്തിന്റെ വഴി അവർ തിരഞ്ഞെടുത്തു. ഭക്തയായ സ്ത്രീയുടെ വിശ്വാസത്തോട് കിടപിടിക്കുന്നതായി എന്തെങ്കിലുമുണ്ടോ എന്ന് സംശയമാണ്. ആഴമായ ദൈവാശ്രയം ദ്വിവിധ ഫലമുളവാക്കുന്നു. **ഒന്ന്,** നമ്മിൽ മാറ്റങ്ങൾ വരുന്നു. **രണ്ട്,** മറ്റുള്ളവരുടെ ജീവിതത്തിൽ നന്മയിലേക്കുള്ള ചലനങ്ങൾ ദൃശ്യമാകുന്നു. ഈ പെൺകുട്ടികളുടെ വിശ്വാസവും, അവരിൽ മാത്രമല്ല, ദൈവജനത്തിന്റെ ജീവിതത്തിലും, ചരിത്രത്തിൽ തന്നെയും മാറ്റങ്ങൾ വരുത്തി എന്ന് സംഖ്യ 27:8-11 വ്യക്തമാക്കുന്നു. അവരുടെ വിശ്വാസം "ആശിച്ചതിന്റെ ഉറപ്പും നിശ്ചയവുമായിരുന്നു". ദൈവിക പ്രമാണത്തിലോ, യിസ്രായേലിന്റെ ആചാരങ്ങളിലോ ഇല്ലാതിരുന്ന ഒരു അവകാശം പ്രാപിക്കുവാനായി ആ പെൺകുട്ടികൾ വിശ്വസിച്ചു. ദൈവവും, ദൈവത്തിന്റെ പ്രവാചകരും, പുരോഹിതരും അന്യായമായി വിധിക്കില്ല എന്നവർ ഉറച്ചിരുന്നു. ആ വിശ്വാസമാണ് ഫലം കണ്ടത്.

**2) ധൈര്യം:** ഭീരുത്വവും വിശ്വാസവും ഒരു തരത്തിലും ഒന്നിക്കില്ല. ഒന്നേ നമുക്ക് പിന്തുടരാനാവൂ. സെലോഫഹാദിന്റെ മക്കൾ സമാഗമന കൂടാരത്തിൽ മോശെയുടെയും, ഏലയാസർ പുരോഹിതന്റെയും, പ്രഭുക്കന്മാരുടെയും, സർവ്വ സഭയുടെയും മുമ്പാകെ ചെന്നു നിന്നു. ദൈവ പദ്ധതിയിൽ തന്നെയാണ് തങ്ങൾ നില്ക്കുന്നതെന്ന വ്യക്തതയാവണം അവർക്ക് ധൈര്യം നൽകിയത്. യോശു.15:16-20-ൽ കാലേബിന്റെ മകൾ അക്സ നീരുറവകളെ ചോദിച്ചുവാങ്ങുന്ന ചരിത്രവും നമുക്ക് പരിചിതമാണല്ലോ. ദൈവം നമുക്ക് നൽകുവാനാഗ്രഹിക്കുന്ന ആത്മീകാവകാശങ്ങൾ എണ്ണി പറയുവാനാവാത്തത്രയുമാണ്. റോമർ 8-ാം അദ്ധ്യായത്തിലൊക്കെ വെളിപ്പെടുത്തപ്പെട്ട നന്മകൾ പ്രാപ്യമാകുവാൻ ആശിക്കുന്ന ഹൃദയമെങ്കിലും നമുക്കുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**3) ഐക്യത:** കേവലം രണ്ടുമക്കൾ മാത്രമുള്ള വീടുകൾ പോലും യുദ്ധക്കളങ്ങളായിത്തീരാറുണ്ട്. ഇവിടെ ഇതാ അഞ്ചു പുത്രിമാർ ഒരേ ലക്ഷ്യത്തോടെ, കാര്യങ്ങൾ നന്നായി അപഗ്രഥിച്ച്, വ്യക്തമായ ധാരണയോടെ ചെല്ലേണ്ടിടത്തു ചെന്ന്, പറയേണ്ടുംവണ്ണം കാര്യങ്ങൾ പറയുന്ന മനോഹരമായ ഒരു ചിത്രം. ദൈവിക വാഗ്ദത്തങ്ങളുടെ വിഷയത്തിൽ സുപ്രധാനമാണ് ഈ ഐക്യത എന്ന് നമുക്കോർക്കാം. ഭിന്നതയുടെ ഒരംശം എങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അവർ തങ്ങളുടെ ലക്ഷ്യം പ്രാപിക്കില്ലായിരുന്നു. കുടുംബത്തലവന്മാരോ, നേതൃത്വമോ അവരെ അംഗീകരിക്കുകയുമില്ലായിരുന്നു. അതുകൊണ്ടാവണം വ്യവസ്ഥകൾ മുന്നോട്ട് വയ്ക്കുവാൻ പോയ ഗോത്രത്തലവന്മാർ പോലും യഹോവയുടെ വിധിന്യായത്തെ പൂർണ്ണമായി അംഗീകരിച്ച് സംസാരിച്ചത്. (സംഖ്യ 36:2). ഐക്യത നാമൊക്കെ തിരഞ്ഞെടുക്കേണ്ടുന്ന, പരിരക്ഷിക്കേണ്ടുന്ന ഒന്നാണ്. അതിലാണ് നമ്മുടെ വിജയം അടങ്ങിയിരിക്കുന്നത്.

**4. ന്യായം:** പുത്രന്മാരില്ല എന്ന ഒറ്റക്കാരണത്താൽ പിതാവിന്റെ പേരും അവകാശവും നശിച്ചുപോകരുതേ എന്നതായിരുന്നു ആഗ്രഹം. മക്കളെ നൽകുന്ന സർവ്വ ശക്തനായ ദൈവത്തിന് മുന്നിൽ ഈ അപേക്ഷ അന്യായമാകുമോ എന്ന് നൂറു വട്ടം അവർ ആലോചിച്ചു കാണും. 'എന്തെങ്കിലുമായിപ്പോകട്ടെ' എന്ന് ചിന്തിച്ച്, ഏതെങ്കിലും ഗോത്രത്തിൽ വിവാഹം കഴിച്ച് പിതാവിന്റെ അവകാശം കൈവിട്ടുകളയാമായിരുന്നു അവർക്ക്. പക്ഷേ, ഇവിടെയാണ് വീക്ഷണത്തിന്റെ ഔന്നത്യം നാം കണ്ടറിയുന്നത്. ഏത് ആത്മീകാവകാശത്തിന്റെയും കഥ ഇതു തന്നെ. അവഗണിക്കുക എന്നുവച്ചാൽ നഷ്ടപ്പെടുത്തുക എന്നർത്ഥം. ആരും നമുക്ക് വേണ്ടി അത് നേടിത്തരുന്നില്ല. പൂർണ്ണമായും നാമും ദൈവവും തമ്മിലുള്ള കാര്യമാണത്. സെലോഫഹാദിന്റെ മക്കളുടെ അപേക്ഷയിൽ പിതാവിന്റെ ജീവിതം സംബന്ധിച്ച ന്യായാന്യായങ്ങളും വിലയിരുത്തപ്പെട്ടു. പിതാവിന്റെ ആത്മിക ജീവിതത്തെ കൃത്യമായി വിലയിരുത്തി. യഹോവക്ക് വിരോധമായി കോരഹിനോടുള്ള മത്സരത്തിൽ തങ്ങളുടെ അപ്പൻ ഉൾപ്പെട്ടിരുന്നില്ല എന്നത് ദൈവവും, യിസ്രായേലും അറിയേണമെന്നവർ തീരുമാനിച്ചു. എന്നാൽ സ്വന്ത പാപത്താലാണ് പിതാവ് മരിച്ചതെന്ന യാഥാർത്ഥ്യവും അവരേറ്റു പറഞ്ഞു. ദൈവമുമ്പാകെ നമുക്കും മറയ്ക്കുവാനൊന്നുമില്ല. കരുണയ്ക്കായി ആ പാദത്തിൽ ശരണപ്പെടുക എന്നത് മാത്രമേയുള്ളു.

**മഹ്ലാ, നോവാ, ഹൊഗ്ലാ, മിൽക്ക, തിർസാ.**

ദൈവമുമ്പാകെ അന്യാദൃശമായ സാക്ഷ്യം നേടിയ പെൺകുട്ടികൾ. അവർ നമുക്ക് കാട്ടിത്തരുന്നത് വിശ്വാസത്തിന്റെ ക്രിയാത്മകതയാണ്. ആത്മികവും, വിശ്വാസവുമൊക്കെ നമ്മിൽ ചിലർക്കെങ്കിലും വെറുതെ ഒരു പ്രഹസനമാകുന്നെങ്കിൽ ഒരു നിമിഷം ചിന്തിക്കൂ. ദൈവം കനിഞ്ഞു നൽകിയിട്ടുണ്ടെങ്കിലും നാം പരമാർത്ഥ ഹൃദയത്തിൽ നിന്ന് വിശ്വാസത്താൽ അവകാശമാക്കേണ്ടുന്ന ധാരാളം കാര്യങ്ങളുണ്ട്. നിഷ്ക്രിയതയ്ക്കവിടെ തെല്ലും സ്ഥാനമില്ല. ഇതിലൊന്നും ആരെയും തോല്പിക്കുവാനോ, അപമാനിക്കുവാനോ, സ്വയം സമർത്ഥരെന്ന് തെളിയിക്കുവാനോ, ഒന്നുമാകാൻ പാടില്ല. അങ്ങനെയെങ്കിൽ ദൈവവും ദൈവജനവും നമ്മുടെ മേൽ ആശിർവാദം പകരുക തന്നെ ചെയ്യും. ഇത് ലക്ഷ്യബോധത്തിന്റെ ചരിത്രമാണ്; ദൈവവിശ്വാസത്തിന്റെ സാക്ഷ്യമാണ്; ഐക്യതയുടെ ശക്തിയാണ്; ഒരു ചരിത്രത്തെത്തന്നെ മാറ്റിമറിച്ച ആത്മിക ദർശനമാണ്.

# ബഹറിനിലെ ജയിലിൽ നിന്ന് പ്രാർത്ഥനയും കാരുണ്യവും പ്രതീക്ഷിച്ചുകൊണ്ട് ....

*1-ാം പേജ് തുടർച്ച*

ലൈസൻസിംഗ് നിയമങ്ങൾ കൊണ്ടുവന്നു. നൂറു കണക്കിന് ബിൽഡിങ്ങുകൾ വാടകക്കെടുത്ത് ഫർണിഷ് ചെയ്ത് ദിവസ/പ്രതിമാസ വാടകക്ക് നല്കുന്ന ബിസിനസാണ് റജിയുടെ കമ്പനിയിൽ ചെയ്തു കൊണ്ടിരുന്ന പ്രധാന ബിസിനസ്. ലൈസൻസിംഗ് ഏർപ്പെടുത്തിയപ്പോൾ ഈ ബിസിനസ് നടത്തുവാൻ പറ്റാത്ത സാഹചര്യമായി. ബിൽഡിങ്ങുകൾ വാടകക്കെടുക്കാനായി നൽകിയ സെക്യൂരിറ്റി തുകയും ഫർണിഷിങ്ങിനായി ഉപയോഗിച്ച ഭീമമായ തുകയും നഷ്ടമായി. അതിനേക്കാൾ പ്രശ്നമായത് കെട്ടിടങ്ങൾക്ക് വാടക നൽകേണ്ട തുകക്കുള്ള ചെക്കുകൾ മുൻകൂറായി നൽകിയിരുന്നു. ഈ ചെക്കുകൾ ചിലത് ബാങ്കിൽ പണമില്ലാതെ മടങ്ങി. ബഹറിനിലെ നിയമങ്ങളനുസരിച്ച് ചെക്ക് ബൗൺസായാൽ ചെക്ക് നൽകിയ വ്യക്തി അറസ്റ്റ് ചെയ്യപ്പെടും. അങ്ങനെ വെറും 13,000 ദിനാറിന്റെ കേസിൽ റെജി എബനേസർ അറസ്റ്റു ചെയ്യപ്പെട്ടു.

ഇതിനകം ഒട്ടുമിക്ക വാടകക്കെട്ടിടങ്ങളുടെയും ഇടപാടുകൾ പരസ്പരധാരണയിൽ തീർപ്പാക്കിയിരുന്നു. എന്നാൽ മുൻകൂർ നൽകിയ പല ചെക്കുകളും തിരികെ വാങ്ങുന്നത് ശ്രദ്ധിച്ചില്ല. ഒടുവിൽ റജി ജയിലിലായതോടെ റെജിക്ക് ഭീമമായ തുകകൾ നൽകുവാനുള്ള വ്യക്തികളും സ്ഥാപനങ്ങളും ഇതൊരു അവസരമായി മുതലെടുത്തു. റജി നൽകിയ വാടക ഗ്യാരന്റി ചെക്കുകൾ ശേഖരിച്ച് നിരവധി കേസുകൾ കൊടുത്തു. ഇത്തരം പല കേസുകളിലായി ഇതിനകം 22 വർഷത്തെ തടവാണ് വിധിക്കപ്പെട്ടിരിക്കുന്നത്. കൂടാതെ ഒരു കാരണവശാലും റെജി പുറത്തിറങ്ങാതിരിക്കേണ്ടതിന് പുതിയ കേസുകൾ സൃഷ്ടിച്ച് തടയിടുവാനും തൽപ്പര കക്ഷികൾക്ക് സാധിക്കുന്നു. ഇപ്പോഴത്തെ കേസുകളിലുള്ള തുക കെട്ടിവച്ചാൽ റജി എബനേസറിന് ജയിൽ മോചിതനാകാം. പുറത്തിറങ്ങിയാൽ തന്റെ അസറ്റുകൾ വിറ്റോ ലഭിക്കാനുള്ള പണംകണ്ടെത്തിയോ ഇടപാടുകൾ എത്രയും വേഗം സെറ്റിൽ ചെയ്യുവാൻ സാധിക്കുമെന്നാണ് റെജി പറയുന്നത്.

ഇതിനിടെ റെജിയുടെ മോചനത്തിനായി ഇന്ത്യൻ എംബസിയും സുഹൃത്തുക്കളുടെ കൂട്ടായ്മകളും ശ്രമങ്ങൾ നടത്തുന്നുണ്ട്. കേന്ദ്രമന്ത്രി വയലാർ രവിയുടെ ബഹറിൻ സന്ദർശന സമയത്ത് ഈ പ്രശ്നം ബഹറിൻ ഭരണാധികാരികളുടെ ശ്രദ്ധയിൽപെടുത്താൻ സാധിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ അവസാന നിമിഷം വയലാർ രവിയുടെ യാത്ര റദ്ദാക്കിയതോടെ റെജിയുടെ മോചന സ്വപ്നവും താൽക്കാലികമായി പൊലിഞ്ഞു.

ബഹറിനിലും ഇന്ത്യയിലും മറ്റു രാജ്യങ്ങളിലുമായി റജിയുടെ മോചനത്തിനായി വലിയ തോതിലുള്ള ശ്രമങ്ങൾ നടക്കുന്നു. ഫെയ്സ്ബുക്ക് കൂട്ടായ്മകളും മനുഷ്യാവകാശ പ്രവർത്തകരും വിഷയങ്ങളിൽ ഇടപെടുന്നു. എന്നാൽ ഇന്ത്യാ ഗവൺമെന്റ് നേരിട്ട് ഇടപെടുകയോ മോചന ദ്രവ്യം കെട്ടി വയ്ക്കുകയോ ചെയ്താൽ മാത്രമേ ഇപ്പോഴത്തെ സാഹചര്യത്തിൽ മോചനം സാധ്യമാകൂ.

റജിയുടെ മോചനത്തിനാവശ്യമായ പണം സംഭാവനയായോ കടമായോ കണ്ടെത്തുന്നതിനും ശ്രമം നടക്കുന്നുണ്ട്. അതിന് വേണ്ടി ഒരു വെബ് സൈറ്റും പ്രവർത്തിക്കുന്നുണ്ട്. വ്യക്തികളോ, പ്രസ്ഥാനങ്ങളോ, സഭകളോ ഈ സഹോദരന്റെ വിടുതലിന് വേണ്ടി സംഭാവനകൾ നൽകുക. വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ വഴി റെജിയുടെ അക്കൗണ്ടിലേക്ക് പണം കൈമാറാവുന്നതാണ്. Reggie Ebenezer Jacob Abraham. Passport No: J5525003 . Nationality : Indian. Western Union Bahraian. റജിയെ സംബന്ധിച്ച വിവരങ്ങളും കേസ് സംബന്ധമായ പത്രവാർത്തകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വെബ്സൈറ്റ് www.nazarethilroyalcharitabletrust.org

## എബ്രായ ഗ്രീക്ക് ഭാഷാ പഠനവേദി

മാവേലിക്കര: എബ്രായ-ഗ്രീക്ക് ഭാഷകൾ പഠിക്കുവാൻ മാവേലിക്കര-പന്തളം റൂട്ടിൽ പൈനുംമൂട് ജംഗ്ഷന് സമീപം 'വിഷൻ ബൈബിൾ കോളജിൽ' ശനിയാഴ്ചകളിൽ ഉച്ചക്ക് 3-5 വരെ ക്ലാസുകൾ ക്രമീകരിക്കുന്നു. ഡോ.ബി. വർഗീസ്, റവ.അനിൽ കൊടിത്തോട്ടം, റവ.രാജൻ ഏബ്രഹാം, റവ.നിറ്റ്സൺ കെ.വർഗീസ്, എന്നിവർ ക്ലാസുകളെടുക്കും.

## ഓർഡിനേഷൻ

വെള്ളറട: ഐ.പി.സി.വെള്ളറട സെന്ററിന്റെ മാസയോഗവും ഓർഡിനേഷനും ആഗസ്റ്റ് 15-ന് ചെമ്പൂര് മഞ്ചങ്കോട് സഭയുടെ ആഭിമുഖ്യത്തിൽ നടന്നു. സെന്റർ പാസ്റ്റർ എം.ആർ.കമലരാജ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബേബി കടമ്പനാട് പ്രസംഗിച്ചു. 4 പേർക്ക് ഓർഡിനേഷൻ നൽകി. പാസ്റ്റർ കെ.സി.തോമസ് ശുശ്രൂഷ നിർവഹിച്ചു. രക്ഷാധികാരി ലിസി ജോൺ, പാസ്റ്റർ ജയരാജ് എന്നിവർ ആശംസ അറിയിച്ചു.

ANGEL SINGERS
THIRUVANANTHAPURAM
PRAISE AND WORSHIP



കൺവെൻഷനുകൾ, കൂട്ടായ്മകൾ, റിട്രീറ്റുകൾ തുടങ്ങി സഭാഭേദമെന്യേ ദൈവീക ശുശ്രൂഷയിൽ ആത്മീക ആരാധനകൾക്കും, സംഗീത ശുശ്രൂഷകൾക്കും നേതൃത്വം നൽകുന്ന തെക്കൻ തിരുവിതാംകൂറിലെ മികച്ച ടീം.

ആരാധകരെ സ്വർഗ്ഗോന്നതികളിലെ സ്തുതി മണ്ഡലങ്ങളിലെത്തിക്കുന്ന ആത്മനിറവിന്റെ ആരാധനാനുഭവം.

ഒപ്പം മികച്ച ഗായകരും, അത്യന്താധുനിക സംഗീതോപകരണങ്ങളും സൗണ്ട് സിസ്റ്റവും ആരാധന മധുരമാക്കുന്നു.



SOUND SYSTEM
സൗണ്ട് സിസ്റ്റം 2000 Watts മുതൽ ഏറ്റവും മികച്ച ശബ്ദമിശ്രണി, ജനറേറ്റർ ഉൾപ്പെടെ ആത്മീക ശുശ്രൂഷകൾക്ക് മിതമായനിരക്കിൽ

സ്വദേശത്തും വിദേശത്തും ബുക്കിംഗ് തുടരുന്നു.

ANGEL SINGERS LEADER : RAJESH
Ph: 09847683343
Email & Face Book : rajeshre1979@gmail.com



## അമേരിക്കൻ താൾ

# പാപ്പച്ചായന്റെ 'കടം' കഥകൾ

## ദൈവീക കരുതലിന്റേയും

അലക്കി പശമുക്കിത്തേച്ച തൂവെള്ള ഖദർ മുണ്ടും ഷർട്ടും. നല്ല അഴകുള്ള കഷണ്ടിയും അല്പം നരച്ച തലമുടിയും. ഒറ്റ നോട്ടത്തിൽ ഒരു രാഷ്ട്രീയ നേതാവിന് ചേരുന്ന രൂപഭാവങ്ങൾ. ഇത് കോട്ടയം കഞ്ഞിക്കുഴി -മുട്ടമ്പലത്ത് മുട്ടത്തേത്ത് എം.ജെ. തോമസ് എന്ന പാപ്പച്ചൻ.

പതിനഞ്ചു വർഷം മുമ്പ് അമേരിക്കയിലേക്ക് കുടിയേറുമ്പോൾ അയൽക്കാരോട് പോലും യാത്ര പറയാതെയാണ് പോരേണ്ടി വന്നത്. ദൂരെ നിന്ന് നോക്കി പുറംമോടി കാണുന്നവർക്ക് പാപ്പച്ചായന്റെ പുഞ്ചിരിക്കുന്ന മുഖത്തിന് പുറകിലെ വേദനിക്കുന്ന അനുഭവങ്ങൾ അറിയില്ലായിരുന്നു. എന്നാൽ കോട്ടയത്തെ കുറെയേറെ വട്ടിപ്പലിശക്കാർക്ക് പാപ്പച്ചനെ നല്ല പരിചയമാണ്. അവരിലാരെങ്കിലും നേരെ വരുന്നതു കണ്ടാൽ അദ്ദേഹം കോട്ടയത്തെ ഏതെങ്കിലും ഊടുവഴിയിൽ അപ്രത്യക്ഷനാകും. കടം കയറി പലിശയും പലിശക്ക് മുകളിൽ പലിശയുമായി നിലയില്ലാക്കയത്തിൽ മുങ്ങിപ്പോയ ഒരു കോട്ടയംകാരന്റെ ദയനീയത വിവരിക്കുമ്പോൾ പാപ്പച്ചായനും ഭാര്യ അക്കാമ്മയും ഇപ്പോഴും നിറകണ്ണുകൾ തുടയ്ക്കുന്നു.

പാപ്പച്ചായൻ എന്ന എം.ജെ.തോമസിന്റെ കടംകഥകളിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് അൽപ്പം ഫ്ളാഷ് ബാക്:

കോട്ടയം കഞ്ഞിക്കുഴി ഫിലദൽഫ്യാ സഭയുടെ തുടക്കകാലം. പാസ്റ്റർ പി.എം.ഫിലിപ്പ് സാറിന്റെ പ്രവർത്തനങ്ങളിലൂടെ മുട്ടമ്പലത്തെ ഒരു യൂണിയൻ ക്രിസ്ത്യൻ കൂട്ടായ്മക്കാർ ഒന്നടങ്കം പെന്തെക്കോസ്തു വിശ്വാസം സ്വീകരിച്ചു. താനവേലിൽ അച്ചന്റെ നേതൃത്വത്തിൽ മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ പള്ളിയിലേയും കഞ്ഞിക്കുഴി അസംപ്ഷൻ സി.എസ്.ഐ. പള്ളിയിലേയും കുറേ വിശ്വാസികളായിരുന്നു ഐക്യകൂട്ടായ്മയിലൂടെ പെന്തെക്കോസ്തിലെത്തിയത്.

എം.ജെ.തോമസിന്റെ മാതാപിതാക്കളായ പി.എം.ജോണും ഭാര്യ സാറാമ്മയും ഇക്കൂടെ പെന്തെക്കോസ്തായി. രാഷ്ട്രീയ പ്രവർത്തനവുമായി നടന്നിരുന്ന എം.ജെ.തോമസിന് ഇതിലൊന്നും വലിയ താല്പര്യമില്ലായിരുന്നു. ആദ്യം സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കേരളാ കോൺഗ്രസിലും പ്രവർത്തിച്ചു. കോട്ടയം ടൗൺ കമ്മറ്റി സെക്രട്ടറി, മണ്ഡലം ജോസെക്രട്ടറി എന്നീ നിലകളിൽ തിളങ്ങിയെങ്കിലും ഉയരങ്ങളിലേക്കൊന്നുമെത്താതെ രാഷ്ട്രീയ പ്രവർത്തനം പാതിവഴിയിൽ ഉപേക്ഷിച്ചു. രാഷ്ട്രീയം ഉപേക്ഷിച്ചെങ്കിലും രാഷ്ട്രീയക്കാരന്റെ വേഷമായ ഖദർ മുണ്ടും ഷർട്ടും ഉപേക്ഷിച്ചില്ല. കേരളം വിട്ടതോടെ ഖദറിനോടും വിട പറയേണ്ടി വന്നു.



*എം.ജെ.തോമസ്സും ഭാര്യ അക്കാമയും*

1974-ൽ വിവാഹിതനായി. പുതുപ്പള്ളിക്കാരി അക്കാമ്മയെന്ന യാക്കോബായക്കാരിയാണ് വധു. കാനം അച്ചന്റെ ബൈബിൾ ക്ലാസ് കേട്ട് രക്ഷിക്കപ്പെട്ട-പ്രാർത്ഥനാ ജീവിതമുള്ള യുവതിയായിരുന്നു അക്കാമ്മ. കുടുംബ ജീവിതത്തിന്റെ ആദ്യകാലങ്ങളിലൊന്നും അക്കാമ്മയുടെ പ്രാർത്ഥന ഫലം കണ്ടില്ല. എന്നാൽ അധികം വൈകാതെ തന്റെ ജ്യേഷ്ഠ സഹോദരൻ പെന്തെക്കോസ്തിൽ ചേർന്നതും-മദ്യപാനത്തിൽ നിന്ന് വിടുതൽ പ്രാപിച്ചതുമൊക്കെ പാപ്പച്ചനെ സ്വാധീനിച്ചു. അങ്ങനെയിരിക്കെ ഒരു ഞായറാഴ്ച എട്ടുവയസ്സുകാരൻ മൂത്തമകൻ അജു പപ്പയുടെ കയ്യിൽ പിടിച്ച് വലിച്ചു കൊണ്ട് പറഞ്ഞു, "പപ്പേ നമുക്കും ഇവരുടെ കൂടെ പള്ളിയിൽ പോകാം."

അങ്ങനെ മകന്റെ സ്നേഹനിർബ്ബന്ധത്തിന് വഴങ്ങി പാപ്പച്ചൻ ഭാര്യയേയും മക്കളേയും കൂട്ടി ഫിലദൽഫ്യായിൽ ആരാധനക്ക് ചെന്നു. പാസ്റ്റർ ടി.പി.വർഗീസാണ് അന്ന് പാസ്റ്റർ. ആ ഞായറാഴ്ച വൈകുന്നേരം തന്നെ എം.ജെ.തോമസും അക്കാമ്മയും സ്നാനമേറ്റ് ഫിലദൽഫ്യയയുടെ ഭാഗമായി മാറി.

എല്ലാ കാലത്തും സുവിശേഷീകരണത്തിനും ആത്മീയ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിരുന്ന ഫിലദൽഫ്യാ സഭ എം.ജെ.തോമസിന്റെ ആത്മീയ വളർച്ചയിൽ സജീവ പങ്ക് വഹിച്ചു. സ്നാനപ്പെട്ട് നാലുവർഷത്തിനകം പുത്തൻ പറമ്പിൽ ഉണ്ണിച്ചായന്റെ നിർബ്ബന്ധത്തിൽ സൺഡേസ്കൂൾ അദ്ധ്യാപകനായി. 21 ദീർഘ വർഷങ്ങൾ വിശ്വസ്തതയോടെ ആ ചുമതല നിറവേറ്റി. കോട്ടയം സെന്റർ പി.വൈ.പി.എ.വൈസ് പ്രസിഡന്റ്, ഐ.പി.സി.കോട്ടയം സൗത്ത് സെന്റർ വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചു. ടി.പി.വർഗീസ്, കെ.സി.ചെറിയാൻ, എം.ടി.ജോസഫ് എന്നീ ദൈവദാസന്മാരോടൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായി. ധാരാളം പരസ്യയോഗങ്ങളിൽ പ്രസംഗിച്ചു. പാസ്റ്റർ എം.ടി.ജോസഫിന്റെ പ്രസംഗങ്ങൾ ദീർഘകാലം ഏറ്റുപറഞ്ഞു.

അർഹതയ്ക്കുള്ള അംഗീകാരം എന്നതുപോലെ 1995-ൽ ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. "അന്ന് കൗൺസിൽ തിരഞ്ഞെടുപ്പുകൾ ഇത്രമാത്രം സങ്കീർണ്ണമായിരുന്നില്ല. കൗൺസിലിലേക്ക് മത്സരിച്ചപ്പോൾ എനിക്ക് ആകെ ചിലവു വന്നത് വെറും 500 വിസിറ്റിംഗ് കാർഡ് പ്രിന്റു ചെയ്യുവാനുള്ള ചിലവു മാത്രമാണ്. ഇന്നിപ്പോൾ സ്ഥിതിയാകെ മാറിയിരിക്കുന്നു. സഭാ ഭരണം പിടിച്ചടക്കുവാൻ പലരും നടത്തുന്ന കളികൾ ദൈവനാമത്തിനും സഭയ്ക്കും അപമാനകരമാണ്." എം.ജെ.തോമസ് ദുഃഖത്തോടെ പറയുന്നു.

ആത്മീയ ജീവിതത്തിലും സഭാനുബന്ധ പ്രവർത്തനങ്ങളിലും തികഞ്ഞ സന്തോഷം അനുഭവിക്കുമ്പോഴും കഷ്ടതയുടെ കഠിന ശോധനയിലൂടെ ദീർഘ വർഷങ്ങൾ കടന്നു പോകുകയായിരുന്നു. തിരുപ്പൂരിലെ ബനിയൻ കമ്പനികളിൽ നിന്ന് ഹോൾസെയിലായി തുണിയെടുത്ത് കോട്ടയത്തും പരിസരങ്ങളിലുമുള്ള ചെറിയ തുണിക്കടകളിലും സ്ട്രീറ്റ് വിൽപ്പനക്കാർക്കും നൽകുന്ന ബിസിനസായിരുന്നു എം.ജെ.തോമസ് നടത്തിയിരുന്നത്. 45-60 ദിവസത്തെ കടമായാണ് വസ്ത്രങ്ങൾ ചെറുകിട കച്ചവടക്കാർക്ക് നൽകിയിരുന്നത്. തുച്ഛമായ ലാഭം മാത്രം ലഭിക്കുന്ന ഈ ബിസിനസിന്റെ ഏറ്റവും വലിയ പ്രതിസന്ധി ചില്ലറ വില്പനക്കാർ കൃത്യമായി പണം നൽകില്ലെന്നതാണ്. അങ്ങനെ വരുമ്പോൾ പലിശക്ക് പണം കടമെടുത്ത് തുണി കമ്പനികൾക്ക് പണം അടയ്ക്കേണ്ടി വരും. ഇത്തരം ഇടപാടുകൾ പലപ്പോഴും വൻ കടക്കെണിയിലേക്ക് അദ്ദേഹത്തെ തള്ളിവിട്ടു. എത്ര പലിശ കൊടുത്താലും മുതൽ അടഞ്ഞുതീരാത്ത വട്ടിപ്പലിശക്കാരാൽ ഏറിയോന്നു വലഞ്ഞു. 3500 രൂപ കടം വാങ്ങിയയാൾക്ക് 35,000 രൂപ പലിശ കൊടുത്തിട്ടും കടം വീടാത്ത കഥ വരെയുണ്ട് കൂട്ടത്തിൽ.

മക്കളുടെ പഠനം, വീട്ടിലെ നിത്യച്ചിലവുകൾ, ബിസിനസ്, തുടങ്ങി ഒന്നിന് പുറകേ ഒന്നായി ആവശ്യങ്ങൾ മുന്നിൽ വരുമ്പോൾ അയൽക്കാർ, സഭക്കാർ തുടങ്ങി കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങി. അടുത്ത ഓണം സീസണിൽ, ക്രിസ്തുമസ് സീസണിൽ തിരികെ കൊടുക്കാം എന്ന പ്രതീക്ഷയിലാണ് കടം വാങ്ങുന്നത്. അങ്ങനെയിരിക്കെ ആയിരിക്കും മികച്ച കച്ചവടം നടക്കേണ്ടുന്ന ഉത്രാട നാളിൽ ഒരു മഴ പെയ്യുന്നത്.

അതോടെ വഴിയോരക്കച്ചവടക്കാരുടെ ഓണക്കച്ചവടം തകരും. അവർ എം.ജെ.തോമസിന് കൊടുക്കാനുള്ള പണം കൊടുക്കാതെയാകും. എം.ജെക്ക് താൻ കടം വാങ്ങിയവരോട് പറഞ്ഞു നില്ക്കാൻ പോലും സാധിക്കാതെ കുഴയും. കടത്തിന്റെ നിലയില്ലാകയത്തിൽ താണുപോകുമ്പോഴും ദിവസവും കുടുംബ പ്രാർത്ഥന മുടക്കുകയില്ല. സകല ഭാരങ്ങളും കർത്താവിൽ സമർപ്പിച്ച് കിടന്നുറങ്ങും. പകലുകളെ ഭയമാണ്. ഏതു കടക്കാരനാണ് മുന്നിൽ വന്നു ചാടുന്നതെന്ന് പറയാനാവില്ലല്ലോ. മക്കളുടെ പഠനത്തിനും മറ്റും ബുദ്ധിമുട്ടിയതിനും കണ്ണീരു കുടിച്ചതിനും അളവില്ല. കടമായും അല്ലാതെയും കൂടെക്കൂടെ സഹായിച്ച പുത്തൻപറമ്പിൽ പി.എം.ചെറിയാനെപ്പോലെ ചിലരെ നന്ദിയോടെ ഓർക്കുന്നു.

മൂത്തമകൾ അനു നേഴ്സിംഗ് പഠനം പൂർത്തിയാക്കിയപ്പോഴേക്ക് അമേരിക്കയിൽ നിന്ന് ഒരു വിവാഹാലോചന വന്നു. മകൾ അമേരിക്കയിലെത്തിയതോടെ എം.ജെ.തോമസിന് ജീവിതത്തെ നേരിടാമെന്ന ഉറപ്പു ലഭിച്ചു. മകളും കുടുംബവും ഫയൽ ചെയ്തതനുസരിച്ച് 1998-ൽ അമേരിക്കയിലെത്തി. അപ്പോഴും കൊടുത്തു തീർക്കുവാനുള്ള കടങ്ങളുടെ മാറാപ്പുമായാണ് എം.ജെ.തോമസ് യാത്ര ചെയ്തത്.

അമേരിക്കയിൽ വന്ന് എന്തെങ്കിലും ജോലി ലഭിക്കുമെന്ന പ്രതീക്ഷയൊന്നും ഇല്ലായിരുന്നു. എന്നാൽ മകളുടെ വീടിനടുത്ത് ബർലിംഗ്ടൺ കോട്ട് ഫാക്ടറിയിൽ ജോലി ലഭിച്ചു. ആദ്യമാസത്തെ ശമ്പളത്തിൽ നിന്ന് 45,000 രൂപ നാട്ടിലേക്കയച്ച് നാട്ടിലെ ആദ്യകടം വീട്ടി. പിന്നീടിങ്ങോട്ട് വർഷങ്ങൾ ജോലി ചെയ്ത് ചെറുതും വലുതുമായ നിരവധി കടങ്ങൾ കൊടുത്തു വീട്ടി.

ഇപ്പോൾ അനാരോഗ്യം മൂലം ജോലി വേണ്ടെന്ന് വച്ചു. എങ്കിലും ദൈവിക പരിപാലനത്തിന്റെ അത്ഭുതങ്ങൾ ഒത്തിരി കണ്ടു. മക്കളിലൂടെ ദൈവാനുഗ്രഹങ്ങൾ ഒന്നിനു പുറകെ ഒന്നായി വന്നു. മൂത്തമകൻ ജോൺ മാത്യു ഖത്തർ കേന്ദ്രീകരിച്ച് വൻ ബിസിനസ് സ്ഥാപനങ്ങളുടെ ഉടമയാണ്. ഇളയമകൻ ബിനു കുടുംബമായി അമേരിക്കയിൽ പാർക്കുന്നു. രണ്ടാമത്തെ മകൾ ബിൻസിയും കുടുംബവും ഇംഗ്ലണ്ടിലാണ്.

തന്റെ കടംകഥകളിലൂടെ ദൈവം ആർക്കും കടക്കാരനല്ലെന്ന് സാക്ഷ്യം പറയുവാനും കഷ്ടതയിൽ താങ്ങി നടത്തിയ ദൈവസാന്നിദ്ധ്യത്തെ നന്ദിയോടെ സ്മരിക്കുവാനും എം.ജെ.തോമസ് എന്ന പാപ്പച്ചായനും ഭാര്യ അക്കാമ്മയും തയ്യാറാവുകയാണ്.

## ഫസ്റ്റ് ചർച്ച് ഓഫ് ഗോഡ് വാർഷിക കൺവൻഷൻ സമാപിച്ചു

ന്യൂയോർക്ക്: ന്യൂയോർക്ക് പട്ടണത്തിലെ ആദ്യത്തെ ദൈവസഭാ പ്രവർത്തനമായ ഫസ്റ്റ് ചർച്ച് ഓഫ് ഗോഡ് സഭയുടെ 40-മാത് വാർഷിക കൺവൻഷൻ ആഗസ്റ്റ് 16-18 വരെ ദൈവസഭ ആഡിറ്റോറിയത്തിൽ സീനിയർ പാസ്റ്റർ മോനി മാത്യുവിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ ദൈവവചന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ബിജു ജോർജിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സുവി.എബി ആരാധനയ്ക്ക് നേതൃത്വം കൊടുത്തു.

## ഐ.പി.സി.നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ സോദരീ സമാജം



അറ്റ്ലാന്റാ: ഐ.പി.സി.നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ വാർഷിക കൺവൻഷനോടനുബന്ധിച്ച് ആഗസ്റ്റ് 31-ന് സഹോദരിമാർക്ക് വേണ്ടി പ്രത്യേക സമ്മേളനം നടത്തുന്നു.

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും രക്ഷാ നിർണ്ണയം പ്രാപിച്ച ഉഷ പ്രസാദാണ് മുഖ്യപ്രസംഗക.

## സുവിശേഷയോഗവും ഉപവാസ പ്രാർത്ഥനയും

പത്തനാട്: ഹെവൻലി ജേർണിയുടെ ആഭിമുഖ്യത്തിൽ മുണ്ടത്താനം -പൊട്ടുകുളം റോഡിൽ ഇരട്ടത്താനിക്കൽ ബിൽഡിങ്ങിൽ സെപ്തംബർ 20-26 വരെ നടക്കും. പാസ്റ്റർമാരായ റെയ്സൺ തോമസ്, ദാനിയേൽ അടൂർ, ജോമോൻ മുട്ടം, രാഹുൽ എരുമേലി, ലിജോ സിറിയക്, ഷാജി ഫിലിപ്പ്, ഫെയ്ത്സൺ റ്റി.വർഗീസ്, സന്തോഷ് തകഴി, ജയിംസ് ബാബു, രാജേഷ് വെച്ചൂച്ചിറ, രാജേഷ് അഴകത്ത്, യേശുദാസ്, സന്തോഷ് മാണിക്യം എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും.

## പാസ്റ്റർ റ്റി.എം. മാമ്മച്ചൻ ഇവാഞ്ചലിസം ഡയറക്ടർ



മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ സ്റ്റേറ്റ് ഇവാഞ്ചലിസം ഡയറക്ടറായി പാസ്റ്റർ റ്റി. എം.മാമ്മച്ചൻ നിയമിതനായി. വേങ്ങൂർ, ശൂരനാട്, കുണ്ടറ, തിരുവനന്തപുരം, വലിയതുറ, എടത്വാ, ആലപ്പുഴ, കോട്ടയം, കുവൈറ്റ് എന്നീ സ്ഥലങ്ങളിൽ സഭാശുശ്രൂഷകനായും കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ സെന്ററുകളുടെ ശുശ്രൂഷകൻ, കേരളാ സ്റ്റേറ്റ് സൺഡേസ്കൂൾ ഡയറക്ടർ, കൗൺസിൽ സെക്രട്ടറി, എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1992-1997 വരെ കേരളാ സ്റ്റേറ്റിലെ കർണ്ണാടക മിഷനറിയായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പത്തനാപുരം ഡിസ്ട്രിക്ട് ശുശ്രൂഷകനായും പത്തനാപുരം ടൗൺ ചർച്ചിന്റെ പാസ്റ്ററായും പ്രവർത്തിക്കുന്നു. വേങ്ങൂർ തടത്തുവിള റ്റി.എം. തോമസിന്റെ മകനാണ്. ഭാര്യ: റോസമ്മ മാമ്മച്ചൻ, ഏകമകൾ ഫേബ (കുവൈറ്റ്)


## അത്ഭുതകരമായ ദൈവിക വിടുതൽ

### പ്രയർസെന്റർ 24 hours

നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചനപ്രകാരം പ്രാർത്ഥിച്ച്, അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക.

**Nigil Varghese, Sharon Gospel Ministries, ARA Complex, Kuttippady Junction, Mannanam, Kottayam-686 501**

**Mobile No.9605829827, 9946459441, 9747492830,**


## മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

*3-ാം പേജ് തുടർച്ച*

വദിച്ചു. എന്താ കേരളത്തിലെ ആത്മാവിന് കൊമ്പുണ്ടോ? തമിഴന് വേറെ സ്വർഗ്ഗവും മലയാളിക്ക് വേറെ സ്വർഗ്ഗവുമുണ്ടോ?

കൂടാതെ ഡോളറുമായി എത്തിയ മിഷനറിമാർക്ക് ചുവന്ന പരവതാനി വിരിച്ചപ്പോൾ അവരുടെ വിരലിലെ മോതിരവും ഭാര്യമാരുടെ കാതും കഴുത്തുമൊക്കെ നാം കണ്ടില്ലെന്ന് നടിച്ചു. ഈ കപടവും ഇരട്ടത്താപ്പുമാണ് ആഭരണം വേണ്ടെന്ന തീരുമാനത്തേക്കാൾ വലിയ അബദ്ധമായി മാറിയത്.

ഇന്നിപ്പോൾ ആഭരണം അനുവദിക്കുന്ന അല്ലെങ്കിൽ അതിന് കയ്യിൽ ധരിക്കുന്ന വാച്ചിനേക്കാൾ വലിയ പ്രാധാന്യമൊന്നും ഇല്ലന്ന് കരുതുന്ന ന്യൂജനറേഷൻ സഭകൾ ആത്മാക്കളെ കൊണ്ട് നിറഞ്ഞുകവിയുമ്പോൾ അവർക്ക് വേർപാടില്ലെന്ന് പറഞ്ഞും അവർ പ്രോസ്പിരിറ്റിക്കാരാണെന്ന് പറഞ്ഞും കൊഞ്ഞനം കുത്താനേ നമുക്ക് സാധിക്കുന്നുള്ളു. ഇപ്പോഴും നാം നമ്മുടെ അബദ്ധം തിരിച്ചറിയുന്നില്ലെന്നതാണ് ഏറെ സങ്കടം.

# ഫെല്ലോഷിപ്പ് ആശ്രമം

FELLOWSHIP KIDS GARDEN

## ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ

## ചേരികളിൽ ഉയരുന്ന പൂന്തോട്ടം



*ഉറ്റ്ഗീർ കിഡ്സ് ഗാർഡൻ*



*ദിഗാ കിഡ്സ് ഗാർഡൻ*



*ബിവൻഡി കിഡ്സ് ഗാർഡൻ*

മുംബൈയിൽ നിന്നും ഏതാണ്ട് മുപ്പത് കിലോമീറ്റർ ദൂരമുണ്ട് ബിവണ്ടിക്ക്. 'മുംബൈയുടെ ഗോഡൗൺ' എന്നാണ് ഈ ചെറുപട്ടണം അറിയപ്പെടുന്നത്. ട്രക്കുകളുടെ നീണ്ടനിര ഇവിടേക്കുള്ള റോഡുകളിൽ നിറഞ്ഞു കിടക്കും.

താനെയിൽ നിന്നും 20 മിനിറ്റിനുള്ളിൽ എത്തിച്ചേരാവുന്ന ഈ പട്ടണത്തിലെത്താൻ ഞങ്ങൾ കുറഞ്ഞത് രണ്ടുമണിക്കൂർ സമയമെടുത്തു. ഞാനും ഭാര്യ ബ്ലസിയും, അനിൽ പാസ്റ്ററും, അരവിന്ദും ഭാര്യയും അടങ്ങുന്നതാണ് 'ഞങ്ങൾ' എന്നുദ്ദേശിച്ചത്. ചേരിപ്രദേശത്ത് കുറേപ്പേർ പ്രാർത്ഥനക്കായി കൂടി വരുന്നുണ്ട്. അവിടെ ഒരു സ്ഥലം ഞങ്ങൾക്ക് ആരാധനക്കായി വാടകക്ക് തരാമെന്ന് അതിന്റെ ഉടമസ്ഥൻ സമ്മതിച്ചിരുന്നു. സങ്കീർണ്ണമായ പല കഥകളും നടക്കുന്ന ചേരികളിൽ സ്ഥലം ലഭിക്കുന്നത് ഏറെ ക്ലേശകരമാണ്.

ഒരു വലിയ സാഹസം തന്നെയാണ് അവിടെ എത്തിച്ചേരുക എന്നത്. ബാലരമയിലും പൂമ്പാറ്റയിലുമൊക്കെ കണ്ടിട്ടുള്ളതുപോലെ കുട്ടികൾക്ക് താല്പര്യമുള്ള വഴി കണ്ടുപിടിക്കുക എന്ന കളിയുടെ യഥാർത്ഥ ആവിഷ്ക്കാരണമാണ് അവിടെ ഞങ്ങൾക്കനുഭവപ്പെട്ടത്. വൃത്തിഹീനമായ വഴികളിൽ കൂടി നടക്കുമ്പോൾ മൂക്കു പൊത്തിയിട്ട് കാര്യമൊന്നുമില്ല. തലച്ചോറിൽ പിടിക്കുന്ന ഒരു ഗന്ധമാണവിടെ. സൂക്ഷിച്ച് ചവിട്ടിയില്ലെങ്കിൽ ഷൂസിന്റെ ഭാരം കൂടും! മനുഷ്യന്റെയാണോ മൃഗങ്ങളുയാണോ എന്ന് തിട്ടമില്ല, വിസർജ്ജ്യങ്ങൾ പല രൂപത്തിലും ഭാവത്തിലും ചിതറിക്കിടപ്പുണ്ട്. കാല് വഴുതിപ്പോയാൽ മുനിസിപ്പാലിറ്റിക്കാർക്ക് മാത്രമേ വല്ലതും ചെയ്യുവാൻ കഴിയൂ.

നമ്മേക്കാൾ അല്പം ഭാഗ്യം കുറഞ്ഞവർ എന്ന കുറ്റം മാത്രമുള്ള മനുഷ്യരാണല്ലോ അവിടെയും താമസിക്കുന്നതെന്ന തിരിച്ചറിവ് മാത്രമാണ് ഞങ്ങളെ മുന്നോട്ട് നയിച്ചത്. അവരുടെ ഉള്ളിലുള്ള ആത്മാവിന്റെ വില മുഴുലോകത്തേക്കാൾ വലുതാണല്ലോ എന്ന യാഥാർത്ഥ്യബോധമില്ലെങ്കിൽ കാലും മനസ്സും മുന്നോട്ട് ചലിക്കില്ല.

മദ്യവും മയക്കുമരുന്നും ചൂതുകളിയും തകർത്തുകളഞ്ഞ പല ഉന്നതന്മാരും തല ചായ്ക്കാനൊരിടം കണ്ടെത്തിയിരിക്കുന്നത് ഇത്തരം ചേരികളിലാണ്. കൂട്ടത്തിൽ ഒരു ബ്രാഹ്മണകുടുംബത്തെയും കണ്ടിരുന്നു.

തകർന്നുകിടക്കുകയാണ് അവിടെയെല്ലാം. കുടുംബവും ഇതര സംവിധാനങ്ങളുമെല്ലാം. അവിടെ ഞങ്ങൾ എത്തുമ്പോഴേക്കും ഞങ്ങളുടെ വരവറിഞ്ഞ് ആളുകൾ എത്തിത്തുടങ്ങി. എവിടെ തുടങ്ങണം, എന്തു ചെയ്യണമെന്ന് ഒരെത്തും പിടിയുമില്ല. ഒരു കൊടുങ്കാറ്റടിച്ചു കഴിഞ്ഞ് വീടും കൂടും തകർന്ന് എന്തു ചെയ്യണമെന്നറിയാതെ നില്ക്കുന്ന ഹതഭാഗ്യന്റെ നൊമ്പരം. അസഹ്യമായ ഗന്ധത്തിന്റെ നടുവിലിരിക്കുന്ന ഓരോ മിനിറ്റിലും പണ്ടുകുടിച്ച മുലപ്പാൽ വരെ പുറത്താക്കാൻ പോന്ന തോന്നലുളവാക്കും.

സാഹചര്യങ്ങൾ ചുറ്റിലും അന്ധകാരം സൃഷ്ടിക്കുമ്പോൾ മിന്നാമിനുങ്ങുകളേപ്പോലെ കുട്ടികൾ ചേരികളിൽ പൂത്തിരി വിതറുന്നുണ്ട്. നിലാവ് പരക്കുന്നതുപോലെയുള്ള കുട്ടികളുടെ പുഞ്ചിരി കാണുമ്പോൾ എല്ലാം മറക്കും. ആ ചിരി അവരുടെ മുഖത്തുനിന്ന് മാറാതിരിക്കട്ടെ എന്നാശിച്ചു പോകും. അത് തങ്ങളുടെ കുടുംബങ്ങളിലേക്കും പടർന്നിരുന്നെങ്കിൽ. ബീവണ്ടിയിൽ ഒരു നേഴ്സറി (ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ) ആരംഭിക്കുവാൻ തീരുമാനമെടുത്തത് അങ്ങനെയാണ്.

ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യാ തുടക്കം കുറിച്ച ഫെലോഷിപ്പ് കിഡ്സ് ഗാർഡൻ എന്ന പ്രൊജക്ട്, കൊങ്കൺ-മുംബൈ മിഷന്റെ നേതൃത്വത്തിൽ ബീവണ്ടിയിൽ തുടർന്നുള്ള



**തോമസ് മുല്ലയ്ക്കൽ**
*കൊങ്കൺ മുംബൈ മിഷൻ ഡയറക്ടർ*

ആഴ്ചയിൽ തന്നെ ആരംഭിച്ചു. അഞ്ചാമത്തെ കിഡ്സ് ഗാർഡനാണ് അവിടുത്തേത്. ഡിഗ, സായി നഗർ, ലോക് മാന്യ നഗർ, കൽവ, ബീവണ്ടി തുടങ്ങി താനെ ജില്ലയിലെ അഞ്ച് ചേരികളിലും, ഒരു കാലത്ത് ഭൂകമ്പം തകർത്തെറിഞ്ഞ ലത്തൂരിലും സമീപപ്രദേശമായ ഉറ്റ്ഗീറിലും കിഡ്സ് ഗാർഡനുകൾ സജീവമായിക്കഴിഞ്ഞു.

പട്ടണങ്ങളിലെ വലിയൊരു സാമൂഹ്യ പ്രശ്നമാണ് തെരുവുകുട്ടികൾ. 2013 ജൂലൈ 16-ന് ആഭ്യന്തരമന്ത്രി സുശീൽ കുമാർ ഷിൻഡെ പുറത്തിറക്കിയ റിപ്പോർട്ട് ഇന്ത്യൻ പട്ടണങ്ങളിലെ തെരുവുകുട്ടികളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. (ലേഖനത്തോടൊപ്പം ചേർത്തിരിക്കുന്ന മനോരമ റിപ്പോർട്ട് വായിക്കുക). ഇതിലെ മുംബൈയെക്കുറിച്ചുള്ള പരാമർശം എന്റെ ചിന്തയെ ശക്തമായി ഉണർത്തി. വളരെ വലിയ ഒരു സാമൂഹിക പ്രശ്നത്തിന് സാമൂഹികമായ ഒരു മറുപടി കൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമല്ല ഇത്. ഇതിന് ആത്മീകമായ ഒരു പരിഹാരമാണ് വേണ്ടത് എന്ന ഒരു ബോദ്ധ്യം കർത്താവ് നൽകി.

ഒരു വലിയ ദൗത്യമാണ് ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡനിലൂടെ കൊങ്കൺ-മുംബൈ മിഷൻ ലക്ഷ്യമിടുന്നത്. കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകുക മാത്രമല്ല, അവരുടെ സ്വഭാവ രൂപീകരണത്തിന്റെ നിർണ്ണായ ഘട്ടത്തിൽ ക്രിസ്തുവിന്റെ സ്നേഹം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. വളരെ കൃത്യനിഷ്ഠയോടുള്ള പ്രവർത്തനങ്ങളാണ് ഓരോ കിഡ്സ് ഗാർഡനും നടപ്പിൽ വരുത്തുന്നത്. എല്ലാ മാസത്തിന്റെയും ആദ്യ ശനിയാഴ്ച ടീച്ചേഴ്സിനും അസിസ്റ്റന്റിനും വിദഗ്ദ്ധ പരിശീലനം നൽകുന്നു. അദ്ധ്യാപക രംഗത്തെ മികച്ച പ്രതിഭകളെ ഇതിനായി ഓരോ മാസവും കണ്ടെത്തുന്നുണ്ട്. ഒരു കിഡ്സ് ഗാർഡനിൽ ഒരു ടീച്ചറും ഒരു അസിസ്റ്റന്റും ഉണ്ടായിരിക്കും. ശരാശരി 20 കുട്ടികളാണ് ഓരോ ഗാർഡനിലുമുള്ളത്. അടുത്ത വർഷങ്ങളിൽ ജൂനിയർ-സീനിയർ കിന്റർ ഗാർട്ടനുകൾ കൂടിയാകുമ്പോൾ അനേകർക്ക് ജോലിയും ലഭിക്കുമെന്നത് സാമൂഹ്യ നേട്ടമാണ്. 2020 ആകുമ്പോഴേക്കും 300 കിഡ്സ് ഗാർഡനുകളാണ് കൊങ്കൺ-മുംബൈ മിഷൻ ലക്ഷ്യമിടുന്നത്.

ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ എന്ന പ്രസ്ഥാനത്തിന് ഏറ്റെടുത്ത് നടത്താനാകുന്നതിലും വലിയ സാമ്പത്തിക ബാദ്ധ്യതയാണ് ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡനുകൾ ഉളവാക്കുന്നത്. എന്നാൽ വിശാല മനസ്കരായവരുടെ ഹൃദ്യമായ പിന്തുണയുണ്ടെങ്കിൽ ലക്ഷ്യമിട്ടിരിക്കുന്ന

### ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ പ്രൊജക്ട് ഹൈലൈറ്റ്സ്

* പഠന സാഹചര്യമില്ലാത്ത എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം
* ചേരിയിലും ഉൾഗ്രാമങ്ങളിലും താമസിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം
* ഇംഗ്ലീഷ് ഭാഷക്ക് പ്രാധാന്യം നൽകി ക്രമീകൃതമായ പാഠ്യ പദ്ധതി
* ആരോഗ്യപരമായ ജീവിതരീതികൾ പഠിപ്പിക്കുക
* കൃത്യമായ ഇടവേളകളിൽ കുട്ടികൾക്ക് വൈദ്യപരിശോധന
* മാതാപിതാക്കൾക്ക് കൗൺസലിംഗ്
* ചേരിനിവാസികൾക്കായി സാമൂഹിക തിന്മകൾക്കെതിരെ ബോധവത്ക്കരണ പരിപാടികൾ
* മാസത്തിലൊരിക്കൽ അദ്ധ്യാപകർക്ക് വിദഗ്ദ്ധ പരിശീലന ക്ലാസുകൾ
* ക്രിസ്തീയ സ്നേഹത്തിലൂന്നിയ ആത്മീയ ശിക്ഷണം
* ലക്ഷ്യം: 2020 ആകുമ്പോൾ 300 ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡനുകൾ സ്ഥാപിക്കുക. ഇതുമൂലം 1800ലധികം പേർക്ക് തൊഴിൽ ലഭിക്കുക എന്ന നേട്ടം കൂടിയുണ്ട്.



*ഫെലോഷിപ്പ് കിഡ്സ് ഗാർഡനിലെ അദ്ധ്യാപകർ*

# ചർച്ച് ഓഫ് ഇന്ത്യ

## ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ പ്രൊജക്റ്റ് ഉദ്ഘാടനം ചെയ്തു



ഡോക്ടർ ജയിംസ് തോമസ് ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡനിലെ ഒരു വിദ്യാർത്ഥിക്ക് അപേക്ഷാ ഫോം നൽകിക്കൊണ്ട് പ്രൊജക്ട് ഉദ്ഘാടനം ചെയ്യുന്നു. ഇടത്തു നിന്ന് തോമസ് മുല്ലയ്ക്കൽ, കോർപ്പറേറ്റർ നവീൻ, ഡോ. ബാബു വർഗീസ്, സജി മാത്യു, അനിൽ വാഗ്മാറെ

**താനെ:** ഫെല്ലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ കൊങ്കൺ-മുംബൈ മിഷന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനത്തിൽ നടന്ന ചടങ്ങിൽ ചേരിനിവാസികളായ കുട്ടികൾക്ക് വേണ്ടിയുള്ള ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ പ്രൊജക്ടിന്റെ ഉദ്ഘാടനം ഡോ. ഡി. വൈ. പാട്ടീൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറും പ്രശസ്ത ഹൃദയശസ്ത്രക്രിയാ വിദഗ്ദ്ധനുമായ ഡോ. ജയിംസ് തോമസ് നിർവ്വഹിച്ചു. പ്രശസ്ത ക്രിസ്ത്യൻ എഴുത്തുകാരനായ ഡോ. ബാബു കെ. വർഗീസ് മുഖ്യസന്ദേശം നൽകി. താനെയിലെ ദിഗയിൽ പണികഴിപ്പിച്ച ഫെലോഷിപ്പ് ആശ്രം ചർച്ചിന്റെ പ്രതിഷ്ഠയും സഭയുടെ സംയുക്ത ആരാധനയും സമ്മേളനത്തോടനുബന്ധിച്ച് നടന്നു.

ഇന്ത്യയിലെ ചേരികളിൽ അധിവസിക്കുന്ന നിർധനരായ കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച സംരംഭമാണ് ഫെലോഷിപ്പ് കിഡ്സ് ഗാർഡൻ. ഔദ്യോഗിക കണക്കുകളനുസരിച്ച് ഒരു ലക്ഷത്തിലധികം തെരുവുകുട്ടികളാണ് മുംബൈ പട്ടണത്തിൽ മാത്രമുള്ളത്. ഇവരിൽ 9 ശതമാനത്തിന് മാത്രമാണ് ഏതെങ്കിലും നിലയിലുള്ള പ്രാഥമിക വിദ്യാഭ്യാസം ലഭ്യമായിട്ടുള്ളത്. "ക്രിസ്തുവിന്റെ സ്നേഹം ജനത്തിന്റെ ഇടയിലെത്തിക്കുവാൻ അനുയോജ്യവും ഫലപ്രദവുമായ മാർഗ്ഗമാണിതെന്നാണ് " ഡോ. ജയിംസ് തോമസ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞത്. ഈ ലക്ഷ്യത്തോടെ താനെ, കൽവ, ദിഗ, ബീവണ്ടി തുടങ്ങി ഏഴു സ്ഥലങ്ങളിൽ ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡനുകൾ പ്രവർത്തിക്കുന്നു. 2020 ആകുമ്പോഴേക്കും 300 കിഡ്സ് ഗാർഡനുകൾ എന്നതാണ് മിഷന്റെ ലക്ഷ്യം.

കൊങ്കൺ-മുംബൈ മിഷൻ ഡയറക്ടർ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫെല്ലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ പ്രസിഡന്റ് പാസ്റ്റർ സജി മാത്യു ആശംസകൾ നേർന്നു. പാസ്റ്റർ അനിൽ വാഗ്മാരെ യോഗത്തിന് നേതൃത്വം നൽകി. താനെ കോർപ്പറേറ്റർ നവീൻ ഉൾപ്പെടെയുള്ള സാമൂഹിക, രാഷ്ട്രീയ, ആത്മീയ രംഗത്തെ പ്രമുഖർ പങ്കെടുത്തു. താനെ ജില്ലയിലെ ദിഗ എന്ന ചെറുപട്ടണത്തിലെ ഗവൺമെന്റ് സ്കൂളിൽവച്ചാണ് സമ്മേളനം നടന്നത്.

ദർശനം പൂർത്തിയാകും എന്നതിന് സംശയമില്ല. സാമൂഹികമായി പിന്നോക്കം നില്ക്കുന്നവർക്കായി ഗവൺമെന്റ് ധനസഹായം നൽകുന്നുണ്ടല്ലോ എന്ന ന്യായമായ ചോദ്യത്തിനുള്ള മറുപടി ഇന്ത്യയിലെ സാഹചര്യത്തിൽ ജീവിച്ചവർക്ക് വിശദീകരണം കൂടാതെ മനസ്സിലാക്കാവുന്നതേയുള്ളു. അർഹരായവരുടെ കരങ്ങളിൽ ഉദ്ദേശിക്കുന്ന രൂപത്തിൽ സഹായം എത്തുന്നില്ല എന്നതാണ് യഥാർത്ഥ സത്യം.

ഒന്നു രണ്ട് വാചകങ്ങളിൽ ഫെല്ലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ എന്ന മാതൃപ്രസ്ഥാനത്തെ പരിചയപ്പെടുത്തട്ടെ. വടക്കേ ഇന്ത്യയിൽ സുവിശേഷീകരണ രംഗത്ത് ശക്തമായി നേതൃത്വം നൽകുന്ന സഭക്ക് 200-ൽ അധികം പ്രാദേശിക സഭകൾ, തിയോളജിക്കൽ കോളജ്, തദ്ദേശിയർക്കായി നേറ്റീവ് ബൈബിൾ സ്കൂൾ, നിർധനരും അനാഥരുമായ കുട്ടികൾക്കായി ബാലഭവൻ, തെരുവുകുട്ടികൾക്കായുള്ള ഫെലോഷിപ്പ് കിഡ്സ് ഗാർഡൻ തുടങ്ങിയ സജീവ പ്രവർത്തനങ്ങളുണ്ട്.

ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ ഉൾപ്പെടെയുള്ള സഭയുടെ ഏതെങ്കിലും പ്രൊജക്ടുമായി ചേർന്നു പ്രവർത്തിക്കുവാൻ താല്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.

**പാസ്റ്റർ സജി മാത്യു (പ്രസിഡന്റ്, ഫെല്ലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യാ) : 91 992 531 0969. പാസ്റ്റർ തോമസ് ജോർജ്ജ് മുല്ലയ്ക്കൽ**

**(ഡയറക്ടർ, കൊങ്കൺ മുംബൈ മിഷൻ): 91 869 197 1545**

**konkanmumbaimission@gmail.com**




ഉദ്ഘാടന സമ്മേളനത്തിൽ ഡോ. ബാബു ജോർജ്ജ് പ്രസംഗിക്കുന്നു.




ഓഗസ്റ്റ് 15ന് ഉദ്ഘാടനം ചെയ്ത FACIയുടെ ദിഗയിലെ സഭാഹാൾ. ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡന്റെ മെയിൻ ഓഫീസ് ഇവിടെ പ്രവർത്തിക്കുന്നു.



കൽവാ കിഡ്സ് ഗാർഡൻ

## തെരുവുകുട്ടികളുടെ എണ്ണത്തിൽ വർദ്ധന: മുംബൈ മുന്നിൽ

### പ്രൈമറി വിദ്യാഭ്യാസം ലഭിച്ച തെരുവു കുട്ടികൾ ഒൻപത് ശതമാനം മാത്രം


മലയാള മനോരമ

തെരുവുകുട്ടികളുടെ എണ്ണത്തിൽ വർധന: മുംബൈ മുന്നിൽ

ജൂലൈ 17 (മുംബൈ എഡിഷൻ)

**ന്യൂഡൽഹി:** രാജ്യത്ത് ഏറ്റവുമധികം തെരുവുകുട്ടികൾ മുംബൈയിലെന്ന് സർവ്വേ റിപ്പോർട്ട്. അസോച്ചം വനിതാ വിഭാഗമായ ലേഡീസ് ലീഗ് രാജ്യത്തെ മെട്രോ നഗരങ്ങളിൽ നടത്തിയ സർവ്വേയിലാണ് ഈ കണ്ടെത്തൽ. ഒന്നേകാൽ ലക്ഷം തെരുവു കുട്ടികളാണ് മുംബൈയിലുള്ളത്. രാജ്യ തലസ്ഥാനമായ ഡൽഹിയാണ് രണ്ടാം സ്ഥാനത്ത്. ഇവിടെ തെരുവുകുട്ടികളുടെ എണ്ണം ഒരു ലക്ഷത്തിന് മേലെയാണ്.

മാതാപിതാക്കൾ തമ്മിലുള്ള വഴക്കു മൂലം വീടുവിട്ടിറങ്ങുന്നവർ മുതൽ അനാശാസ്യം, ബാലവേല എന്നിവയ്ക്കായി അന്യസംസ്ഥാനങ്ങളിൽ നിന്ന് കടത്തപ്പെട്ടവർ വരെ മെട്രോ നഗരങ്ങളിലെ തെരുവുകളിലെത്തുന്നതായി സർവേ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ നഗരങ്ങളിലാണ് സർവ്വേ നടത്തിയത്.

ബീഹാർ, ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നാണ് ഏറ്റവുമധികം കുട്ടികൾ രാജ്യത്തെ വൻ നഗരങ്ങളിലെ തെരുവുകളിലെത്തുന്നത്. കുടുംബസമേതം എത്തുന്നവരുമുണ്ട്. നഗരത്തിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്തുന്നവരുടെ മക്കളും തെരുവിലേക്കിറങ്ങുന്നു. 68 ശതമാനം കുട്ടികളും മാതാപിതാക്കൾക്കൊപ്പമാണ് താമസം. ഏഴു ശതമാനത്തിന് കുടുംബവുമായി ബന്ധമില്ല. കുട്ടികളിൽ ഭൂരിപക്ഷവും നിരക്ഷരരാണ്. പ്രൈമറി വിദ്യാഭ്യാസം ലഭിച്ചവർ ഒൻപത് ശതമാനം. അതിന് മേൽ വിദ്യാഭ്യാസമുള്ളവർ മൂന്നു ശതമാനം മാത്രം. വടക്കൻ ഡൽഹിയിൽ മാത്രം 55,000 തെരുവു കുട്ടികളുണ്ട്. പട്ടിണി മൂലമാണ് വീടുവിട്ടിറങ്ങിയതെന്ന് 18 ശതമാനം കുട്ടികളും പറയുന്നു. അനാഥരായപ്പോൾ നാടുവിട്ട് നഗരത്തിലേക്ക് ചേക്കേറിയവരുണ്ട്. ഭൂരിപക്ഷം പേരും വീടുപേക്ഷിച്ചത് മാതാപിതാക്കൾ തമ്മിലുള്ള വഴക്കു മൂലം.

തെരുവിൽ അലയുന്ന കുട്ടികളിൽ ഭൂരിപക്ഷവും ചവറു പെറുക്കിയാണ് ജീവിക്കുന്നത്. 24 ശതമാനം പേർ ഭിക്ഷ യാചിക്കുന്നു. ദിവസവും ആറു മണിക്കൂറിന് മേൽ തെരുവിലലയുന്നവരാണ് ഭൂരിഭാഗവും. 20 രൂപയിൽ താഴെയാണ് മിക്കവരുടെയും പ്രതിദിന വരുമാനം. 50 രൂപക്ക് മേൽ ദിവസവരുമാനമുള്ളവർ ആറു ശതമാനം. കിട്ടുന്ന പണം കൊണ്ട് ലഹരി വസ്തുക്കൾ, സിഗരറ്റ്, മദ്യം എന്നിവ വാങ്ങുന്നവരുടെ എണ്ണം കൂടുതലാണ്. 21 ശതമാനം പേർ പുകവലിക്കുന്നവർ. അനാവശ്യ കാരണത്തിന് പോലീസിന്റെ ഭാഗത്തു നിന്നുള്ള പീഡനമാണ് ഏറ്റവും വലിയ ദുരിതമെന്ന് ഭൂരിപക്ഷം കുട്ടികളും പറഞ്ഞു. ലൈംഗീകമായി ചൂഷണത്തിന് വിധേയരായവർ 23 ശതമാനം. വിദ്യാഭ്യാസവും മികച്ച ആരോഗ്യവും ഉറപ്പാക്കി കുട്ടികൾക്ക് ജീവിത വിജയത്തിലേക്ക് വഴി തുറക്കണമെന്ന് സർവ്വേ റിപ്പോർട്ട് നിർദ്ദേശിച്ചു. കേന്ദ്ര ആഭ്യന്തരമന്ത്രി സുശീൽ കുമാർ ഷിൻഡെയാണ് റിപ്പോർട്ട് പുറത്തിറക്കിയത്.


## ആവശ്യമുണ്ട്

ഫെല്ലോഷിപ്പ് കിഡ്സ് ഗാർഡൻ പ്രൊജക്ടിന്റെ ഭാഗമായി ടീച്ചേഴ്സ്, കോ-ഓർഡിനേറ്റേഴ്സ്, കൗൺസലേഴ്സ് എന്നീ നിലകളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള ബൈബിൾ സ്കൂൾ പഠനം പൂർത്തിയാക്കിയ സമർപ്പണവും ദൈവവിളിയുമുള്ള യുവാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**konkanmumbaimission@gmail.com**

**എന്ന ഇമെയിലിൽ വിശദവിവരങ്ങൾ അയക്കുക.**

**Ph. 869 197 1545, 932 631 0969**


CONTACT | United States of America: **JOJI M. MATHEW,** Arizona. mm.joji@yahoo.com 001-4805844594 | UNITED KINGDOM: **Dr. SHEBU LUKOSE,** Kettering, drshebu@yahoo.co.uk. 00447886637098 | UAE: **Evg. P.M. PHILIP,** 00971506420281, 0097126341071 | AUSTRALIA: **ABRAHAM MATHEW,** ABRAHAMGINUISAACANNA@GMAIL.COM. | **EVG. BABU VARGHESE,** bennett242@yahoo.com, 0061423358312 / 0061450140215 | INDIA: **PASTOR SAJI MATHEW,** Fellowship Ashram Nagar, Khadoli P.O, Silvassa- Khanvel Road, DNH 396 230, Ph.992 531 0969/ 942 757 5896. sajivapi@yahoo.com | **PASTOR THOMAS GEORGE MULLACKAL,** Fellowship Ashram Church of India, A 701 Neel Sidhi Garden, Takka, Old Panvel, Navi Mumbai, RaigadDt, Maharashtra 410 206 India, Ph. 869 197 1545/ 869 198 1545, thomasmullackal@hotmail.com | **EVG. SAMKUTTYCHACKO:** Fellowship Ashram Church of India, PeriyilathuThoppil Complex, Near YMCA, Thiruvalla -1, Pathanamthitta, Kerala, India Ph: 934 950 0155, samkuttyc@gmail.com

# സി.സി.വൈ.എം. പ്രീമാരിറ്റൽ കൗൺസലിംഗ്



കോട്ടയം: ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇൻഡ്യ(എച്ച്.എം.ഐ.)യുടെ യുവജന വിഭാഗമായ കംഫെർട്ടിംഗ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 9 ന് പാമ്പാടി പുതുശ്ശേരി ഓഡിറ്റോറിയത്തിൽ പ്രീമാരിറ്റൽ കൗൺസലിംഗ് ക്ലാസ്സ് നടന്നു. ഇവാ. ടൈറ്റസ് മത്തായി അദ്ധ്യക്ഷനായിരുന്നു. ഫാമിലി കൗൺസിലേഴ്സ് ഡോ.സജി കെ.പി, ഡോ. ആനി ജോർജ്ജ് എന്നിവർ വിവിധ സെക്ഷനുകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ അലിൻ ഏബ്രഹാം, പാസ്റ്റർ കെ.എം. മാത്യു, ബ്രദർ സിജി ജോൺ എന്നിവർ നേതൃത്വം നൽകി. യു.എ.ഇ. കോ-ഓർഡിനേറ്റർ ഏബൽ ചെറിയാൻ, സ്റ്റേറ്റ് ജോ. സെക്രട്ടറി ജോൺ വിനോദ് സാം, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് റോണി മാത്യു എന്നിവർ ആശംസ അറിയിച്ചു. പാമ്പാടി ഏരിയ കോ-ഓർഡിനേറ്റർ ജിത വി. കൃതജ്ഞത അറിയിച്ചു.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.




**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).


# സുവിശേഷ റാലി



പുന്നവേലി: ഐ.പി.സി.പുന്നവേലി സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ന് കോട്ടയം, പത്തനംതിട്ട ജില്ലകളിലായി 10 സ്ഥലങ്ങളിൽ പരസ്യയോഗവും ലഘുലേഖാ വിതരണവും നടത്തി. പാസ്റ്റർ എം.പി.ജോർജ്ജുകുട്ടി ഉദ്ഘാടനം ചെയ്ത് റാലിയിൽ സെന്ററിലെ 22 സഭകളിൽ നിന്നുള്ള വിശ്വാസികളും 25 ശുശ്രൂഷകന്മാരുമുൾപ്പെടെ 150 പേർ പങ്കെടുത്തു. മുപ്പതിലേറെ ഇരുചക്ര വാഹനങ്ങളിലും ഇരുപത് നാലുചക്ര വാഹനങ്ങളിലുമായി നൂറോമ്മാവ്, പുന്നവേലി, പരുത്തിമൂട്, ചാലാപ്പള്ളി, എഴുമറ്റൂർ, പാടിമൺ, പായിപ്പാട്-വെള്ളാപ്പള്ളി, കുന്നന്താനം, മല്ലപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ പരസ്യയോഗം നടത്തി നെടുംകുന്നത്ത് സമാപിച്ചു. ഐ.പി.സി.സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് പ്രസിദ്ധീകരിച്ച ഹാപ്പി ഇൻഡിപെൻഡന്റ് ഡേ എന്ന ലഘുലേഖയും സുവിശേഷപ്രതികളും വിതരണം ചെയ്തു. സെന്റർ ഇവാഞ്ചലിസം ബോർഡ് കൺവീനർ പാസ്റ്റർ ജിജു പുന്നവേലി, സെക്രട്ടറി പാസ്റ്റർ സുനിൽ സി.എസ്., ട്രഷറാർ പാസ്റ്റർ കെ.എ.സാമുവേൽ എന്നിവരോടൊപ്പം സെന്റർ ഭാരവാഹികളും നേതൃത്വം നൽകി.

## ത്രിദിന ക്യാമ്പ്

മല്ലപ്പള്ളി: ഐ.പി.സി.മല്ലപ്പള്ളി ഡിസ്ട്രിക്ട് സൺഡേസ്കൂളിന്റെയും, പി.വൈ.പി.എയുടെയും സംയുക്താഭിമുഖ്യത്തിൽ മല്ലപ്പള്ളി സീയോൻ ടാബർനാക്കിൾ സഭയിൽ സെപ്തംബർ 15-17 വരെ ത്രിദിന ക്യാമ്പ് നടത്തപ്പെടുന്നു. ഐ.പി.സി.മല്ലപ്പള്ളി ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ കെ.വി.ചാക്കോ ഉദ്ഘാടനം ചെയ്യും.
പാസ്റ്റർമാരായ ബാബു ചെറിയാൻ, രജ്ഞിത്ത്, സാം, എബി പി.മാത്യു, ഉമ്മൻ പി.ക്ലമൻസൻ, റ്റി.സി.മാത്യു എന്നിവർ ക്ലാസുകൾ നയിക്കും. എക്സൽ മിനിസ്ട്രീസ് വിവിധ പ്രോഗ്രാമുകൾ അവതരിപ്പിക്കും. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രത്യേകം ക്ലാസുകൾ. ഭക്ഷണം, താമസം, പൊതുയോഗം, കാത്തിരുപ്പുയോഗം, എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

## ഭാരവാഹികൾ

തൊടുപുഴ: ഐ.പി.സി.സെന്റർ ഭാരവാഹികളായി പാസ്റ്റർ പി.കെ.രാജൻ (പ്രസിഡന്റ്), പാസ്റ്റർ പി.ജെ.മാനുവേൽ (അസോഷ്യേറ്റ് സെന്റർ പാസ്റ്റർ), പാസ്റ്റർ വി.റ്റി.ജോസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ പീറ്റർ യൊയാക്കീ (സെക്രട്ടറി), പി.റ്റി.തോമസ് (ട്രഷറാർ), എന്നിവരും പ്രെയർ കൺവീനറായി പാസ്റ്റർ സയൻ എം.സിയും, ഇവാഞ്ചലിസം ബോർഡ് കൺവീനറായി സുവി.പി.എം.ബെന്നിയും പ്രവർത്തിക്കുന്നു.

## ആലയപ്രതിഷ്ഠ

നാഗ്പ്പൂർ: ക്രൈസ്റ്റ് ഫോർ ഇന്ത്യാ മൂവ്മെന്റിന്റെ കീഴിൽ ഹിമാചൽ പ്രദേശിൽ പോണ്ടാ സാഹിബ്ബിനടുത്ത് ഡാൻരൂപഗാറിൽ പണിത പുതിയ ആലയത്തിന്റെ പ്രതിഷ്ഠ പ്രസിഡന്റ് പാസ്റ്റർ പോൾ മലയടി നിർവ്വഹിച്ചു. പാസ്റ്റർ ജോസഫ് യേശുദാസ്, പാസ്റ്റർ സിജി തോമസ് എന്നിവർ പ്രസംഗിച്ചു. പർവ്വതനിവാസികളായ പുതിയ വിശ്വാസികളാണ് ഇവിടെ ആരാധിക്കുന്നത്. സുവി.ഇന്ദ്രർസിംഗ് കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു.

# എ.ജി.സൺഡേസ്കൂൾ വാർഷിക ക്യാമ്പ്

ബത്തേരി: എ.ജി.മലബാർ സൺഡേസ്കൂൾ വാർഷിക ക്യാമ്പ് സെപ്തം. 16ന് ബത്തേരി എ.ജി.സഭയിലും 17-ന് കോഴിക്കോട് എ.ജി.സഭയിലുമായി നടക്കും. സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ സി.വി.വിത്സൺ ഉദ്ഘാടനം ചെയ്യും. റവ.ഡി.ജോയ് പുനലൂർ ക്ലാസുകൾ നയിക്കും. ഡയറക്ടർ ഇവാ.എൽ.ജസ്റ്റസ് അധ്യക്ഷത വഹിക്കും. പാസ്റ്റർ കെ.കെ.വിത്സൺ, പാസ്റ്റർ ഈപ്പൻ ചാക്കോ എന്നിവർ നേതൃത്വം നൽകും.

## ധനസഹായം

പത്താനാപുരം: പത്തനാപുരം ഐ.പി.സി.ശാലേം ഹാളിൽ ആഗസ്റ്റ് 15-ന് നടന്ന മാസയോഗത്തിൽ നിർധനരായ വിദ്യാർത്ഥികൾക്കും വിധവമാർക്കും സെന്റർ പ്രസിഡന്റ് പാസ്റ്റർ ഇ.സി. ജോർജ്ജ് ധനസഹായം നൽകി.

## ഇവാഞ്ചലിസം ബോർഡ് പ്രവർത്തനം

പട്ടാമ്പി: ഐ.പി.സി.പട്ടാമ്പി ഏരിയാ ഇവാഞ്ചലിസം ബോർഡിന്റെ സുവിശേഷ പ്രവർത്തനം ആഗസ്റ്റ് 12-14 വരെ മുളകുന്നത്തുകാവ് ലോക്കൽ സഭയുടെ ചുമതലയിൽ നടന്നു. പാസ്റ്റർ ചാക്കോ ദേവസ്യാ നേതൃത്വം നൽകി. പാസ്റ്റർ വർക്കി മത്തായി ഇവിടെ കുടുംബമായി പ്രവർത്തിക്കുന്നു.

## ശുശ്രൂഷക സമ്മേളനം

തിരുവനന്തപുരം: ഐ.പി.സി.വിഴിഞ്ഞം ഏരിയായുടെ ശുശ്രൂഷകന്മാരുടെ യോഗം ആഗസ്റ്റ് 10-ന് ഐ.പി.സി.ബഥേസ്ദാ പൂങ്കുളം സഭയിൽ നടന്നു. ഏര്യാ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഏര്യാ ശുശ്രൂഷകന്റെ പാസ്റ്റർ ഡോ.പി.എം.ജോൺസൺ മുഖ്യ സന്ദേശം നൽകി.

# ന്യൂ ലൈഫ് യൂത്ത് ഫെലോഷിപ്പ് & സൺഡേസ്കൂൾ സംസ്ഥാന ക്യാമ്പ്

പായിപ്പാട്: ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് യുവജനവിഭാഗം ന്യൂ ലൈഫ് യൂത്ത് ഫെലോഷിപ്പിന്റെയും സൺഡേസ്കൂളിന്റെയും ആഭിമുഖ്യത്തിലുള്ള ക്യാമ്പ് സെപ്തംബർ 17-19 വരെ ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരിയിൽ നടക്കും. പ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ റ്റി.ഡി.ബാബു, ഡോ.ജയ്സൺ തോമസ്, റവ.വി.സി.യോഹന്നാൻ എന്നിവർ പ്രധാന സന്ദേശം നൽകും. ഡോ.മേരി വർഗീസ്, പാസ്റ്റർ വി.പി.ഫിലിപ്പ്, പാസ്റ്റർ രാജു ആനിക്കാട്, റവ.ഷാജി സി.ഡി, പാസ്റ്റർ സജി ഫിലിപ്പ് തിരുവഞ്ചൂർ, റവ.സി.വി.ജേക്കബ്, ഇവാ.കെ.തോമസ് മാത്യു എന്നിവർ ക്ലാസുകൾ നയിക്കും. എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ രണ്ടുപേർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. പാസ്റ്റർ സി.കെ.വിജയൻ, പാസ്റ്റർ ജെ.യേശുദാസ് എന്നിവർ നേതൃത്വം നൽകും.









# ചുമ്മാ ഘനം വെപ്പിച്ചാൽ



സുവി.ജോസഫ്
ഇടക്കാട്ടിൽ നിലമ്പൂർ
9847089230

ഒരു വാഹനാപകടത്തെക്കുറിച്ച് കുറേ നാളുകൾക്ക് മുമ്പ് വന്ന ഒരു പത്ര വാർത്ത വളരെ ചിന്തനീയമായി ത്തോന്നി. വളരെ സ്പീഡിൽ കുതിച്ചു പാഞ്ഞ ഒരു ജീപ്പ് നടുറോഡിൽ മലക്കം മറിഞ്ഞു. ജീപ്പിലുണ്ടായിരുന്നവർ തെറിച്ച് റോഡിൽ വീണു. മിക്കവർക്കും ഗുരുതരമായ പരിക്ക് പറ്റി. അതിലൊരാൾ പിന്നീട് ആശുപത്രിയിൽ വച്ച് മരിച്ചു പോയി എന്നാണറിയാൻ കഴിഞ്ഞത്. എന്നാൽ തെറിച്ചു വീണ കൂട്ടത്തിൽ ഒരു വയസായ ഒരു കുഞ്ഞ് പരുക്കേൽക്കാതെ അത്ഭുതകരമായി രക്ഷപെട്ടു. ഈ കുഞ്ഞ് രക്ഷപെടാനുള്ള കാരണം എല്ലാവർക്കും അറിയാം. അതിന് ഘനം(ഭാരം) കുറവായിരുന്നു. ഘനം കൂടുതലുള്ളവർ വീണാൽ നടുവൊടിയാനും തല പൊട്ടാനുമുള്ള സാധ്യത വളരെ കൂടുതലാണ്.

ശുശ്രൂഷകന്മാരും വിശ്വാസികളും ഘനശാലികളായിരിക്കേണം എന്ന് ദൈവിക നിർദ്ദേശമുണ്ട്. എന്നാൽ ഇതിനർത്ഥം നാം എപ്പോഴും ഘനം വെപ്പിച്ചോണ്ട് നടക്കണമെന്നല്ല. ഇങ്ങനെ ചെയ്താൽ നമുക്കുള്ള ഘനം കൂടി നഷ്ടപ്പെട്ടു പോകും എന്ന കാര്യം ഓർത്തിരിക്കണം. ഓരോരുത്തരും മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ടരെന്ന് എണ്ണുവാനുള്ള കല്പന മറന്ന് എല്ലാവരേക്കാളും ശ്രേഷ്ഠൻ താനാണെന്ന പൈശാചിക ചിന്ത ആത്മീയ ലോകത്തുള്ളവരെ പിടികൂടുന്നതിൽ വളരെ ദുഃഖമുണ്ട്.

കർത്താവിന്റെ പത്രങ്ങളായി ജീവിക്കേണ്ട ശുശ്രൂഷകന്മാരും വിശ്വാസികളും കർത്താവ് കാണിച്ചു തന്ന താഴ്മയുടെ മാതൃക പിന്തുടരുവാൻ കടപ്പെട്ടവരല്ലേ? നമ്മളിൽ ചിലരുടെയെങ്കിലും തലക്കനവും നിഗളവും മറ്റുള്ളവർ യേശുവിങ്കലേക്ക് അടുത്തു വരുന്നതിന് തടസ്സമാവുന്നില്ലേ? ഏറ്റവും ഉയർന്ന സ്ഥാനം യേശുക്രിസ്തുവിന് ലഭിക്കുവാൻ കാരണം അവൻ ഭൂമിയിൽ ഏറ്റവും താഴ്ന്ന് കൊടുത്തതു കൊണ്ടാണ്. താഴ്മയെക്കുറിച്ച് സംസാരിക്കുമ്പോൾ ചിലർ പറയാറുണ്ട് "അങ്ങനെ താഴ്ന്നു കൊടുത്താൽ മറ്റുള്ളവർ നമ്മുടെ തലയിൽ കയറി നിരങ്ങു"മെന്ന്. നമ്മൾ താഴ്ന്നു കൊടുത്തതു കൊണ്ട് ആരെങ്കിലും നമ്മുടെ തലയിൽ കയറി നിരങ്ങിയാൽ താഴ്ന്നു കൊടുക്കുവാൻ നമ്മോട് കല്പിച്ച കർത്താവ് അതിന് പരിഹാരം വരുത്തിക്കൊള്ളും.

ദൈവമക്കൾ, അത് കൊടികെട്ടിയ നേതാവാണെങ്കിലും സഭാ വിശ്വാസിയാണെങ്കിലും ക്രിസ്തുയേശുവിലുള്ള ഭാവമുള്ളവരായിരിക്കേണം. ആകാശത്തിൽ തലയിട്ടുരുട്ടി (കൊമ്പുയർത്തി) നടപ്പിലും, ഇരുപ്പിലും, വാക്കിലും ഒരു കൃത്രിമ ഘനം ഉണ്ടാക്കുന്നവർ നമ്മുടെയിടയിൽ ധാരാളമുണ്ട്. ഇവർ സഹോദരാ എന്ന് മറ്റുള്ളവരെ വിളിക്കുന്നത് സ്നേഹം കൊണ്ടോ ബഹുമാനം കൊണ്ടോ അല്ല പ്രത്യുത അവരേക്കാൾ താൻ ശ്രേഷ്ഠനാണെന്ന് കാണിക്കുവാൻ വേണ്ടിയായിരിക്കും. കൂട്ടുവിശ്വാസിയെ സഹോദരാ എന്ന് വിളിക്കുന്നത് മിക്കപ്പോഴും വഴക്ക് കൂടുമ്പോഴോ അല്ലങ്കിൽ നെഗറ്റീവായ എന്തെങ്കിലും പരാമർശം നടത്തുവാൻ വേണ്ടിയോ ആണെന്ന കാര്യം ദുഃഖകരമത്രേ. ചിലർ ചില ഉന്നത സ്ഥാനങ്ങളിലെത്തിയാൽ (കർത്താവ് കയറ്റി ഇരുത്തിയവരുടെ കാര്യമല്ല, ചാടിക്കയറി ഇരുന്നവരുടെ കാര്യമാണ്) പിന്നെ ചിരിക്കുന്നതുപോലും പിശുക്കിയായിരിക്കും. ഉള്ളു തുറന്ന് ചിരിച്ചു കാണിച്ചാൽ ഘനം പോകുമെന്നാണ് ഇക്കൂട്ടരുടെ ധാരണ.

കമ്മറ്റികളിലും പൊതുയോഗങ്ങളിലും മുഖ്യസ്ഥാനം കിട്ടിയില്ലെങ്കിൽ മുഖം കറുക്കുന്നവർ നമ്മുടെയിടയിൽ ധാരാളം പേരുണ്ട്. പുറകിൽ കസേര വലിച്ചിട്ടിരിക്കുവാനുള്ള മനസ് നമുക്ക് കുറഞ്ഞുകൊണ്ടിരിക്കുന്നു. നമുക്ക് അഹങ്കാരവും തലക്കനവും വർധിക്കുന്നതനുസരിച്ച് നമ്മുടെ പ്രസ്ഥാനങ്ങൾക്ക് മൂല്യശോഷണം സംഭവിച്ച് ശേഷം ജാതീയ പ്രസ്ഥാനങ്ങൾക്ക് തുല്യമായിത്തീരുമെന്ന് നാം ഓർക്കണം. ഇന്നത്തെ യുവതലമുറ മുതിർന്നവരെ ബഹുമാനിക്കുന്നില്ലെന്നും വഴിപിഴച്ചു പോകുന്നുവെന്നുമൊക്കെയാണല്ലോ മൂത്തവരായ നമ്മുടെ പരാതി. വാസ്തവത്തിൽ മുതിർന്നവരായ നമ്മളല്ലേ ഇതിന്റെ കാരണക്കാർ. നാം മറ്റുള്ളവരെ ബഹുമാനിക്കുന്നതും താഴ്മയോടെ അവരോട് ഇടപെടുന്നതും നമ്മുടെ മക്കൾക്ക് കണ്ടുപഠിക്കുവാൻ നമ്മൾ അവസരം ഒരുക്കുന്നുണ്ടോ? നാം ചുമ്മാ ഘനം വെപ്പിച്ചുകൊണ്ട് നടന്നാൽ വരുന്ന തലമുറക്ക് മോശമായ മാതൃക നൽകുകയായിരിക്കും ചെയ്യുന്നത്.

നല്ല ഫലമുള്ള വൃക്ഷങ്ങളുടെ കൊമ്പുകൾ താഴ്ന്ന് കിടക്കുന്നതും ഫലം കായ്ക്കാത്ത കൊമ്പുകൾ ആകാശത്തേക്ക് ഉയർന്നു നില്ക്കുന്നതും ശ്രദ്ധിച്ചാൽ ചുമ്മാ ഘനം വെപ്പിക്കുന്നവരുടെ ഉള്ള് പൊള്ളയാണെന്ന് മനസ്സിലാകും.

ഞാൻ ബൈബിൾ കോളജിലും സെക്കുലർ കോളജിലും ഒന്നിച്ചാണ് പഠനം നടത്തിയത്. രണ്ടിടത്തും ക്ലാസിൽ ഒന്നാമതായിരുന്നു. സ്വാഭാവികമായും അല്പം തലക്കനം എന്റെ യൗവ്വനകാലത്ത് എന്നെ ബാധിച്ചിരുന്നു. എന്നാൽ കഠിനമായ ജീവിത പരിശോധനകൾ നൽകി ദൈവം തമ്പുരാൻ എന്റെ പത്തി അടിച്ചു മടക്കി. വളരെ സാധാരക്കാരുടെ ഇടയിൽ പ്രവർത്തിക്കുവാനും അവരിലൊരാളായി ജീവിക്കുവാനുമൊക്കെ ദൈവം അങ്ങനെ എന്നെ പ്രാപ്തനാക്കി.

നമ്മുടെ ബൈബിൾ കോളജുകളിലും സഭകളിലും പെരുമാറ്റ ശാസ്ത്രം ഒരു നിർബ്ബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. വാസ്തവത്തിൽ മനഃശാസ്ത്രമെന്നത് മനസ്സിനെക്കുറിച്ചുള്ള പഠനമല്ല; പ്രത്യുത മനുഷ്യന്റെ ബിഹേവിയറിനെ (പെരുമാറ്റം)ക്കുറിച്ചുള്ള പഠനമാണ്. വിനയത്തെ കാണിക്കുന്ന വസ്ത്രധാരണം നടത്തിയതു കൊണ്ടോ കുറേ തിസീസുകൾ എഴുതി ഡോക്ടർ ആയതുകൊണ്ടോ ദൈവം നമ്മെ വിനയമുള്ളവനായി എണ്ണണമെന്നില്ല. ചിലർ ചുമ്മാ ഘനം വെപ്പിക്കുവാനായി ചുമ്മാ ഡോക്ടർ സ്ഥാനം പേരിനൊപ്പം വെക്കുന്നു. നാം സ്വയം'റവയും ഡോയും' ആകാതെ മറ്റുള്ളവർ ബഹുമാനിക്കത്തക്ക പെരുമാറ്റം നമ്മളിൽ നിന്നും ഉണ്ടാകട്ടെ.

നമ്മൾ ചുമ്മാ ഘനം വെപ്പിക്കുന്നതിന്റെ തിക്താനുഭവങ്ങളാണ് നമ്മുടെ സമൂഹം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. സഭകളുടെയും സ്ഥാപനങ്ങളുടെയും തലപ്പത്തിരിക്കുന്നവർ ചുമ്മാ ഘനം വെപ്പിച്ചോണ്ട് നടന്നാൽ കർശനക്കാരെന്ന് പരസ്യമായും മുരടനെന്ന് രഹസ്യമായും അവരെക്കുറിച്ച് മറ്റുള്ളവർ പ്രതികരിക്കും. ഇവർക്ക് ആഴമുള്ള വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുവാൻ കഴിയാത്തതുകൊണ്ട് ഇവർ നേതൃത്വം കൊടുക്കുന്ന സ്ഥാപനങ്ങളിൽ എന്നും പ്രശ്നങ്ങൾ രൂക്ഷമായിരിക്കും. കുടുംബനാഥൻ ചുമ്മാ ഘനം വെപ്പിക്കുന്ന ആളാണെങ്കിൽ വീട്ടിലുണ്ടാക്കുന്ന പ്രശ്നങ്ങൾ പ്രത്യേകിച്ച് കൗമാരക്കാരുണ്ടാക്കുന്ന പ്രശ്നങ്ങൾ ഗുരുതരമാവുകയും അത് പൊട്ടിത്തെറിയിലേക്ക് നയിക്കുകയും ചെയ്യും.

മറ്റുള്ളവരെ ചേർത്തു പിടിച്ച് ആശ്വസിപ്പിക്കാനും അവരെ ഉൾക്കൊള്ളുവാനും മനസ്സില്ലാതെ ചുമ്മാ മസിലു പിടിച്ചോണ്ടിരുന്നാൽ പിന്നീട് ഒറ്റയ്ക്കിരുന്ന് കരയേണ്ടി വരും. കെട്ടിപ്പിടിച്ചു കരയുവാൻ ഇക്കൂട്ടർക്ക് ആരെയും ലഭിക്കില്ല. കാരണം ഇവരുടെ സാമീപ്യം മറ്റുള്ളവർ ഭയക്കുകയും വെറുക്കുകയും ചെയ്യുന്നു. കൂട്ടുവിശ്വാസികളോടും കൂട്ടു പ്രവർത്തകരോടും, കീഴ് ജീവനക്കാരോടും എന്തിന് ഭാര്യയോടും മക്കളോടു പോലും മുരട്ടു സ്വഭാവം കാണിക്കുന്നവരുണ്ട്. പിശാചിന്റെ ദാനങ്ങളായ നിഗളവും അഹങ്കാരവുമാണ് ഇവരെ നയിക്കുന്നത്. ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചുയരുന്നവരെ ദൈവം താഴ്ത്തും. ഇല്ലങ്കിൽ പിശാച് ഇവരെ വീഴ്ത്തും. ആ വീഴ്ച ഭയങ്കരമായിരിക്കും.

ഒന്ന് ഓർത്ത് നോക്കിയാൽ ചുമ്മാ ഘനം വെപ്പിക്കുവാൻ മാത്രം നാം എന്തുള്ളു? ഒരു കൊതുക് കടിച്ച് പനി പിടിച്ചാൽ അട്ട ചുരുളുന്നതുപോലെ ചുരുളുന്ന മനുഷ്യൻ പിന്നെന്തിനാണ് ഘനം വെപ്പിക്കുന്നത്? നാം സ്വയം ഘനം വെപ്പിക്കരുത് എന്ന് മാത്രമല്ല, മറ്റുള്ളവരുടെ ഘനം തൂക്കി നോക്കുവാനും പാടില്ല. മറ്റുള്ളവരുടെ ഘനം മാത്രമല്ല, നമ്മുടെ ഘനവും ദൈവം തമ്പുരാൻ തൂക്കി നോക്കി കൃത്യമായി അവന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമുക്ക് എന്നെന്നും ഭയത്തോടെ ഓർമ്മിക്കുവാൻ ഒരു ആലോചന പങ്ക് വച്ച് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കട്ടെ. ഘനം കൂടിയാൽ വീഴാനുള്ള സാധ്യത വളരെ കൂടുതലാണ്. ഘനം കൂടുന്നതിനനുസരിച്ച് വീഴ്ചയുടെ ആഘാതവും കൂടും. അതുകൊണ്ട് ദൈവം തന്ന കൃപയ്ക്കനുസരിച്ചുള്ള ഘനവുമായി നമുക്ക് സീയോൻ യാത്ര തുടരാം.

## ഹോക്മ 2013

അടൂർ: ഐ.പി.സി.വെസ്റ്റ് സെന്റർ സൺഡേസ്കൂൾ പി.വൈ.പി.എ.സംയുക്ത ദ്വിദിന ക്യാമ്പ് ഹോക്മ 2013 സെപ്തംബർ 17,18 തീയതികളിൽ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടക്കും. പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യുന്ന ക്യാമ്പിൽ ഡോ.സജി കുമാർ കെ.പി., റവ. ജോൺ ജേക്കബ്, റവ.ജോൺസൺ മേമന, റവ.ജിജി പോൾ എന്നിവർ സംസാരിക്കും. സ്പെഷ്യൽ ഗസ്റ്റായി ജിഫി യോഹന്നാനും, കുട്ടികൾക്കുള്ള പ്രോഗ്രാം തിമഥി കിഡ്സും നേതൃത്വം നൽകും. പാസ്റ്റർ തോമസ് ജോസഫ് ജനറൽ കൺവീനറായും, പബ്ലിസിറ്റി കൺവീനർമാരായി സാജൻ ഈശോ പ്ലാച്ചേരി, ഫിജിൻ പി. മാത്യു എന്നിവരും പ്രവർത്തിക്കുന്നു.

## ബോധവൽക്കരണ സന്ദേശ റാലി



*ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് റവ. ഡോ. റ്റി. ജി. കോശി ഫ്ളാഗ് ഓഫ് ചെയ്യുന്നു.*

അടൂർ: സി.ഇ.എം.അടൂർ-കൊട്ടാരക്കര-ശൂരനാട് ഡിസ്ട്രിക്ടുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ന് മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ സന്ദേശ റാലി നടത്തി. പ്രസിഡന്റ് റവ. ഡോ.റ്റി.ജി.കോശി ഫ്ളാഗ് ഓഫ് ചെയ്തു. മണക്കാലയിൽ നിന്നും നിന്നും പുറപ്പെട്ട് കടമ്പനാട്, ശൂരനാട്, ഭരണിക്കാവ്, കുണ്ടറ, കൊട്ടാരക്കര വഴി അടൂരിൽ സമാപിച്ചു. സമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച തെരുവ് നാടകം, സി.ഇ.എം.ക്വയറിന്റെ സംഗീതപരിപാടി, ബോധവൽക്കരണ സന്ദേശങ്ങൾ തുടങ്ങിയവ നടന്നു. ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ പി.മത്തായി, വൈസ് പ്രസിഡന്റ് പാസ്റ്റർ സൈമൺ കെ.ജെ., സെക്രട്ടറി സാം ജി. കോശി, പാസ്റ്റർ ഫിലിപ്പ് എബ്രഹാം, പാസ്റ്റർ മാത്യൂസ് എം. കുര്യൻ, സാമുവൽ വി.എസ്, റ്റിറ്റോ സി. തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

BSc.Nursing ₹50,000/yr
MSc.Nursing ₹75,000/yr
Post BSc.Nursing ₹30,000/yr
Pharm D ₹90,000/yr
M Pharm ₹75,000/yr
Engineering ₹50,000/yr
M Tech ₹50,000/yr
MBA ₹50,000/yr
FEW SEATS AVAILABLE
Call @ 9947963438 | 9847341000

പ്രശസ്ത സുവിശേഷ പ്രഭാഷകനും ഗ്രന്ഥകാരനുമായ
പാസ്റ്റർ ബി. മോനച്ചൻ കായംകുളം എഴുതിയ
ഏറ്റവും പുതിയ പുസ്തകം...



യഹോവ ഭക്തന്റെ കുടുംബം
സംഭവിക്കേണ്ടതും സംഭവിക്കരുതാത്തതും



₹ 160
Page 200

പൂർവ്വപിതാവായ യിസഹാക്കിന്റെ കുടുംബജീവിതത്തിലും കലഹം, ഒളിച്ചോട്ടം, കബളിപ്പിക്കൽ, സ്വത്തു തർക്കം, കൊലപാതക ഭീഷണി തുടങ്ങിയ സംഭവിപ്പാൻ പാടില്ലാത്തതു പലതും സംഭവിച്ചു. ആധുനിക കാലഘട്ടത്തിൽ ക്രിസ്തുവിശ്വാസികളുടെ ഭവനത്തിൽ പോലും വിവാഹമോചനം, കുടുംബകലഹം, കോടതി കയറ്റം, വ്യവഹാരം തുടങ്ങി സംഭവിപ്പാൻ പാടില്ലാത്തതു പലതും സംഭവിക്കുന്നു. അതിന്റെ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന അനുഗ്രഹീത ഗ്രന്ഥം. പരിശുദ്ധാത്മാവിന്റെ ആലോചനകൾ... ബുദ്ധിയുപദേശങ്ങൾ... പ്രബോധനങ്ങൾ... വിവാഹിതരാകുവാൻ പോകുന്നവരും കുടുംബസ്ഥരും മക്കളും വായിച്ചിരിക്കേണ്ടതും ഈ കാലഘട്ടത്തെ വിവേചിച്ച് എഴുതിയതുമായ ഉത്കൃഷ്ട കൃതി.




600 രൂപ മുഖവിലയുള്ള ഈ 4 ഗ്രന്ഥങ്ങൾ ഒരുമിച്ച് ഇപ്പോൾ പോസ്റ്റേജ് ഉൾപ്പെടെ 500 രൂപയ്ക്കു ലഭിക്കുന്നു.

അനേകരുടെ അഭ്യർത്ഥന മാനിച്ച്,
**സമയം അടുത്തു** (മൂന്നാം പതിപ്പ്) **ദൈവീക ന്യായവിധികൾ** (ആറാം പതിപ്പ്) **ഞാൻ വണങ്ങുന്ന ദൈവം** (രണ്ടാം പതിപ്പ്) **എന്നീ ഗ്രന്ഥങ്ങളും ഇപ്പോൾ പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു.**

പുസ്തകം ആവശ്യപ്പെടേണ്ട വിലാസം
Saly Monachan, Faith Villa, Eruva East P.O., Kayamkulam - 690 572
Ph. +91 9447016488, 9847253880, E-mail: bmonachan@gmail.com

## യാത്രയായവർ

### വർഗീസ് മാത്യു



**ഒക്കലഹോമ:** ഐ.പി.സി. എബനേസർ സഭാസെക്രട്ടറിയും മുംബൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പീസ് ഫോഴ്സസ് ബോർഡ് മെമ്പറുമായ വർഗീസ് മാത്യു (58) ആഗസ്റ്റ് 24ന് ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി. പത്തനംതിട്ട പുത്തൻപീടികയിൽ കെ.എൻ. മത്തായി എൽസി ദമ്പതികളുടെ മകനാണ് ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടെങ്കിലും 19-ാം വയസിൽ ജോലിയിലായിരിക്കെ ലഭിച്ച രോഗസൗഖ്യത്തെ തുടർന്ന് രക്ഷിക്കപ്പെട്ടു. മടങ്ങിവന്ന് 16 വർഷം ഫരീദാബാദിൽ ജോലിയോടൊപ്പം സ്വന്തം ഭവനത്തിൽ സഭയ്ക്കു നേതൃത്വം നൽകി. 2005 ലാണ് ഒക്കലഹോമയിൽ എത്തിയത്. സഭാപ്രവർത്തനങ്ങളിൽ സജീവമായിരുന്നു സംസ്ക്കാരം റവ.ഡോ. ജോൺ വർഗീസിന്റെ നേതൃത്വത്തിൽ നടന്നു. ഹാലേലൂയ്യ ചീഫ് എഡിറ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ അനുശോചനം അറിയിച്ചു. ഭാര്യ: റോസമ്മ വർഗീസ്. മക്കൾ: റെനിജ- ജിജോ, റിനോജ്.

### പാസ്റ്റർ തോമസ് വർഗീസ്



ഇരവിപേരൂർ: കോഴിമല എബനേസർ കോട്ടേജിൽ പാസ്റ്റർ തോമസ് വർഗീസ് (കുഞ്ഞുമോൻ 68) ആഗസ്റ്റ് 3-ന് നിര്യാതനായി. സംസ്ക്കാരം ഐ.പി.സി.കുമ്പനാട് സെന്റർ സെമിത്തേരിയിൽ പാസ്റ്റർമാരായ റ്റി.ജെ.ഏബ്രഹാം, ബാബു ചെറിയാൻ പിറവം എന്നിവർ നിർവ്വഹിച്ചു. ഐ.പി.സി.ഇരവിപേരൂർ ടൗൺ സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.വി.ഏബ്രഹാം നേതൃത്വം നൽകി.

പെരുമ്പെട്ടി ഉന്നത്തോലി പുത്തൻപുരയ്ക്കൽ പരേതനായ പെരുമ്മാൾ വർഗീസിന്റെയും പരേതയായ മറിയാമ്മയുടെയും മകനായി മാർത്തോമ്മ പാരമ്പര്യത്തിൽ ജനിച്ചു. 17-ാം വയസിൽ രക്ഷിക്കപ്പെട്ട്, ലഭിച്ച ദൈവവിളിയുടെ അടിസ്ഥാനത്തിൽ സുവിശേഷവേലക്കായി സമർപ്പിക്കപ്പെട്ടു. 40-ൽപരം വർഷങ്ങൾ കുമളി, കറവൂർ, ചണ്ഡിഗഡ്, അമ്പാല, വാഴൂർ, ചാത്തങ്കേരി, പീച്ചി, കുന്നംകുളം, വെണ്മണി സൗത്ത്, വാഴാർ മംഗലം, വൈക്കം, കൊന്നപ്പാറ, കോഴിമല, തിരുവൻവണ്ടൂർ, എന്നീ 14 സ്ഥലങ്ങളിൽ സഭാ ശുശ്രൂഷ ചെയ്തു, ചില വർഷങ്ങളായി കരൾ സംബന്ധമായ രോഗത്താൽ ചികിത്സയിലായിരുന്നു. ഭാര്യ പെരുമ്പെട്ടി ചാലുവാലായിൽ കുടുംബാംഗമായ മറിയാമ്മ തോമസ് (മേരിക്കുട്ടി)

മക്കൾ: സുവിശേഷകൻ ജോൺ തോമസ് (ജോജോ-ഐ.പി.സി.എബനേസർ ചർച്ച് പിറവം പാസ്റ്റർ ബാബു ചെറിയാന്റെ സഹശുശ്രൂഷകൻ), ജെനിൻ പി.തോമസ് (സന്തോഷ്-സൗദി അറേബ്യ) മരുമക്കൾ: ഷീലു ജോൺ, ലീനാ ജെനിൻ

### പാസ്റ്റർ വി.ജെ.മാത്യു



പത്തനംതിട്ട: ദീർഘവർഷങ്ങൾ എ.ജി.സഭാ ശുശ്രൂഷകനായും വിവിധ ഔദ്യോഗിക പദവികളിലും സേവനമനുഷ്ഠിച്ചിരുന്ന പാസ്റ്റർ വി.ജെ.മാത്യു ആഗസ്റ്റ് 18-ന് നിര്യാതനായി. പത്തനാപുരം മള്ളൂർ സഭയിൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുമ്പോൾ രോഗബാധിതനായതിനെ തുടർന്ന് ശുശ്രൂഷയിൽ നിന്ന് വിരമിച്ചിരുന്നു.

പത്തനംതിട്ട തോന്ന്യാമല എ.ജി. സഭയിലെ പ്രാരംഭ സഭാ വിശ്വാസികളായിരുന്ന ഇലന്തൂർ താഴയിൽ കുടുംബാംഗവും, പത്തനംതിട്ട തോന്ന്യാമല കണികുളത്ത് തടത്തിൽ പരേതരായ ഫിലിപ്പോസ് യോഹന്നാന്റെയും മറിയാമ്മയുടെയും നാലാമത്തെ മകനാണ്. പുനലൂർ ബഥേൽ ബൈബിൾ കോളജിലും, ബാംഗ്ലൂർ എസ്.എ.ബി.സിയിലും വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി. കണ്ണൂർ എച്ച്.എം.സി, ചിറ്റാർ എ.ജി., അസോഷ്യേറ്റ് പാസ്റ്ററായി ബാംഗ്ലൂർ ഹെബാൾ ബഥേൽ എ.ജി., തുടർന്ന് കരവാളൂർ, അഞ്ചൽ, കുളത്തൂപ്പുഴ, എറണാകുളം, മാവേലിക്കര, കോട്ടയം, ചമ്പക്കര, പൂവൻതുരുത്ത്, അണക്കര, കടയ്ക്കാമൺ, പത്തനാപുരം, പിടവൂർ, പട്ടാഴി, മഞ്ഞള്ളൂർ എന്നീ സഭകളിലും ശുശ്രൂഷിച്ചു.

1965-66 കാലഘട്ടങ്ങളിൽ പത്തനാപുരം സെക്ഷൻ സി.എ.സെക്രട്ടറി, 1975-77 വരെ മധ്യ സെക്ഷൻ സെക്രട്ടറി, 1977-79 വരെ ഡിസ്ട്രിക്ട് സി.എ.ട്രഷറാർ, 1980-83 വരെ മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. എറണാകുളം, കോട്ടയം, ഇടുക്കി തുടർന്ന് മാവേലിക്കര, കോട്ടയം, കുമളി. പത്തനാപുരം എന്നീ സെക്ഷനുകളിൽ പ്രസ്ബിറ്ററായും സേവനമനുഷ്ഠിച്ചു. എ.ജി.ദൂതൻ മാനേജരായും എ.ജി.ദൂതന്റെ പബ്ലീഷറായും സേവനം ചെയ്തു.

ഭാര്യ: ഗ്രേസിക്കുട്ടി പത്തനാപുരം പുതുപ്പറമ്പിൽ കുടുംബാംഗമാണ്.

മക്കൾ: പാസ്റ്റർ ജോൺ മാത്യു (ജോജി)-അൻസു ജോൺ (എറണാകുളം), പാസ്റ്റർ ജോസഫ് മാത്യു (ജിജി)-ബ്ലേസ് ജോസഫ് (ഗ്ലോറി-കാനഡ), ഇവാ.സാം മാത്യു (ജിജോ)-ഷൈനി സാം (യു.കെ), ജേക്കബ് മാത്യു (ജോബിൻ-യു.കെ.)

### അന്നാ ഏബ്രഹാം



ഹൂസ്റ്റൺ: തിരുവല്ലാ ഇരവിപേരൂർ തറയശ്ശേരിയിൽ കുടുംബാംഗമായ അന്നാ ഏബ്രഹാം (67) ഹൂസ്റ്റണിൽ ആഗസ്റ്റ് 16-ന് നിര്യാതയായി. ഭർത്താവ്: ജോയ്സൺ ഏബ്രഹാം, മക്കൾ: റിച്ചാർഡ്, റെക്സ്, ബോബി. സഹോദരങ്ങൾ: മോൻ ജോർജ്ജ്, പാസ്റ്റർ ഫിലിപ്പ് ജോർജ്ജ്. സാറാമ്മ, ലിസാ, ജോയി.

സംസ്ക്കാര ശുശ്രൂഷ ആഗസ്റ്റ് 24-ന് ഹൂസ്റ്റൺ ടെക്സാസ് ക്രിസ്ത്യൻ അസംബ്ലിയിൽ നടന്നു.

## മാസയോഗത്തിൽ പ്രസംഗിക്കുമ്പോൾ മരണമടഞ്ഞു



വാളകം: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ആദ്യകാല വിശ്വാസിയും നെല്ലാട് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ സ്ഥാപകരിൽ പ്രധാനിയുമായ ഇടപ്പാറയിൽ ഇവാ.ഇ.വി.സ്കറിയാ (77) ആഗസ്റ്റ് 15-ന് നടന്ന മാസയോഗത്തിൽ ശുശ്രൂഷിച്ചു കൊണ്ട് നില്ക്കവേ ഹൃദയാഘാതം മൂലം മരണമടഞ്ഞു. സംസ്ക്കാരം പാസ്റ്റർ കെ.എം.മാത്യുവിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്റർ സണ്ണി കുര്യൻ, ഡോ. മുരളീധരൻ, പാസ്റ്റർ കെ.എം.ജോസഫ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ തിരുവല്ല മേല്പാടം കോട്ടയിൽ കുടുംബാഗമായ ഡെയ്സി സ്കറിയാ. ഏക മകൻ സാം ദാസ് സ്കറിയാ (ബഥനി മെഡിക്കൽ സെന്റർ ആനക്കട്ടി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ) മരുമകൾ: ആശ

## ബസിടിച്ച് മരിച്ചു




തൃശൂർ: നെല്ലിക്കുന്ന് ഐ.പി.സി. സഭാംഗം കാച്ചേരി ഉന്മാവ് സ്റ്റീഫന്റെ മകൻ വിനു (20) ആഗസ്റ്റ് 16-ന് ബസിടിച്ചു മരിച്ചു. പാലക്കാട് ജില്ലയിലെ മുണ്ടൂരിൽ വെച്ചായിരുന്നു അപകടം. വിനുവിന്റെ സഹോദരിയുടെ വിവാഹം അടുത്ത ദിവസം നടക്കാനിരിക്കെയാണ് ദാരുണമായ ഈ സംഭവം. ടൊയോട്ടാ ഷോറൂമിലെ ടെക്നീഷ്യനായിരുന്ന വിനു രാത്രി 11 മണിയോടെ ജോലി കഴിഞ്ഞ് നടന്നു പോകുന്നതിനിടെ സ്വകാര്യ ബസ് ഇടിക്കുകയായിരുന്നു. സംസ്ക്കാരം ആഗസ്റ്റ് 18ന് മക്പേലാ സെമിത്തേരിയിൽ നടത്തി. പാസ്റ്റർമാരായ ജോസഫ് ജോർജ്ജ്, മാത്യു കെ.വർഗീസ്, കെ.വി.ഷാജു, സി.വി.മത്തായി, സി.രാജൻകുട്ടി, എൽദോ തുടങ്ങിയവർ ശുശ്രൂഷിച്ചു. പാസ്റ്റർ പി.വി.സുനേഷ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മാതാവ്: ജെൽസി, സഹോദരി-വിൻസി

### പാസ്റ്റർ എം.സി. ബെഞ്ചമിൻ



മുണ്ടക്കയം: ഐ.പി.സി പനയ്ക്കച്ചിറ സഭാ പാസ്റ്ററും മുണ്ടക്കയം സെന്റർ സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ എ.സി. ബെഞ്ചമിൻ (ജോയ് 61) ഓഗസ്റ്റ് 14ന് നിര്യാതനായി. സംസ്കാരം പതിനഞ്ചിന് മുണ്ടക്കയം സെന്ററിന്റ ചുമതലയിൽ വണ്ടൻപതാൽ സഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.എം ജോൺ നടത്തി. പാസ്റ്റർമാരായ വി.എം ജേക്കബ്, കെ.സി. ജോർജ്ജ്, സാം തോമസ്, സണ്ണി ഏബ്രഹാം എന്നിവർ മുഖ്യസന്ദേശം നൽകി. പാസ്റ്റർമാരായ കെ.സി. പൗലോസ്, ജോസഫ് കുട്ടി, വർഗ്ഗീസ് കുര്യൻ, പി.കെ.ജോൺസൺ, കെ.ആർ.രാജു, റ്റി.ജെ. ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു. ഐപിസിയുടെ വാളടി, ചീന്തലാർ, വണ്ടൻപതാൽ തുടങ്ങിയ സ്ഥലങ്ങളിൽ ശുശ്രൂഷകനായിരുന്നു. മുണ്ടക്കയം സെന്റർ മുൻ സെക്രട്ടറിയായിരുന്നു. മലയോര മേഖലകളിൽ സുവിശേഷം അറിയിക്കുന്നതിനും, അനേകം പുതിയ സഭകൾ സ്ഥാപിക്കുന്നതിനും നേതൃത്വം നൽകി. ഭാര്യ: മല്ലപ്പള്ളി കാഞ്ഞിരത്തിങ്കൽ ഗ്രേസമ്മ ബെഞ്ചമിൻ. മക്കൾ: ജിപ്സൺ(ജാർഖണ്ഡ്), ജിപിൻസൺ, ജിമിനി മരുമക്കൾ: അനിത, എബി.




# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ദൈവകൃപയിൽ നില്ക്കുന്ന സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 28, 165 സെമീ ഉയരം, വെളുത്ത നിറം, B.Sc Nurse, Saudi Arabia-യിൽ ജോലി ചെയ്യുന്നു. ഇപ്പോൾ നാട്ടിലുണ്ട്. I.E.L.T.S.ന് പഠിക്കുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9495509325, 04734–254136**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 29, 162cm, GNM, Bomaby-യിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09998329005**

ഹിന്ദു ഈഴവ വിഭാഗത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന പെന്തെക്കോസ്ത് യുവാവ് 28, 177 സെമീ, സുമുഖൻ, Graduate/B.Sc. Computer Science, ICICI Bank-ൽ ജോലി ചെയ്യുന്നു. അനുയോജ്യരും, Graduate/B.Sc Nurse-മാരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09526457522, 08111861185**
**pramodkumar4umail@gmail.com**

ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽ നിന്ന് ഏകയായി വിശ്വാസത്തിൽ വന്ന യുവതി 25, 165cm, B.Sc Physics, PG Diploma in Nuclear Medicine (CMC Vellore) ഇപ്പോൾ ജോലി ചെയ്യുന്നു. Professionally qualified ആയിട്ടുള്ള, ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9048335615, 9946246345**

ഈഴവ സമുദായത്തിൽ നിന്ന് പെന്തെക്കോസ്ത് വിശ്വാസത്തിൽ വന്ന യുവതി 25/162cm, B.Sc.Nurse സൗദി അറേബ്യയിൽ MOH-ൽ ജോലി ചെയ്യുന്നു. ഇപ്പോൾ അവധിക്ക് നാട്ടിലുണ്ട്. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന.
**9605538916**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 31, 5'2, B.Sc., ഇരുനിറം, ജോലി ഉള്ളതോ, സുവിശേഷവേല ചെയ്യുന്നതോ ആയ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9847118984, 9946719033**

പുരാതന മാർത്തോമ്മ കുടുംബത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ന്യൂ ജനറേഷൻ ചർച്ചിൽ ആരാധിക്കുന്ന സാമ്പത്തിക ഭദ്രതയുള്ള യുവാവ് 35, Diploma Engineering, ഇപ്പോൾ സ്വന്തമായി ബിസിനസ് ചെയ്യുന്നു. അനുയോജ്യമായ വിവാഹലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9400669985**

പെന്തെക്കോസ്ത് യുവാവ് 29, 173 സെമീ, സൗദിയിൽ ജോലി ചെയ്യുന്നു. ഉടൻ അവധിക്ക് നാട്ടിൽ വരുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ജനറൽ നേഴ്സുമാർക്ക് മുൻഗണന.
**9495204708, 9400382061**
**pastorlijuipc@gmail.com**

വടക്കേ ഇന്ത്യയിൽ ജനിച്ചു വളർത്തപ്പെട്ടതും നായർ സമുദായത്തിൽ നിന്നും ഏകനായി വിശ്വാസത്തിൽ വന്ന യുവാവ്, 28, 5'8" സുന്ദരൻ, സുമുഖൻ, വെളുത്ത നിറം, ഇപ്പോൾ ഉയർന്ന ശമ്പളത്തിൽ ഹരിയാനയിൽ ജോലി ചെയ്യുന്നു. ജോലിയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**sjohncnr@gmail.com, 08765279386**


Every good gift and every perfect gift is from above, coming down from the Father of lights

GRACE Visual media — Since : 1988
make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...
HIGH DEFINITION PHOTOGRAPHY & VIDEO GRAPHY
Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com


## കോട്ടയത്ത് പ്ലോട്ട് വില്പനക്ക്

കോട്ടയം ബേക്കർ ജംഗ്ഷനിൽ നിന്ന് കുമരകം റൂട്ടിൽ ഒരു കിലോമീറ്റർ ദൂരത്തിൽ റോഡ് സൈഡിൽ വീടോ കൊമേഴ്സ്യൽ ബിൽഡിങ്ങോ പണിയത്തക്ക 9 സെന്റ് സ്ഥലം ഉടൻ വില്പനക്ക്. ഈ പ്ലോട്ടിൽ 12,000 സ്ക്വയർ ഫീറ്റ് ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള പെർമിഷൻ ലഭിച്ചിട്ടുണ്ട്.

**ഫോൺ: 9744097000**
**sbproperties2013@gmail.com**

## സഹായിക്കുക

അക്രൈസ്തവ മേഖലയായ ചിറയിൻകീഴ് അഴൂരിൽ പാസ്റ്റർ കുമാറിന്റെ നേതൃത്വത്തിൽ രഹബോത്ത് ഗോസ്പൽ മിനിസ്ട്രിയുടെ പ്രവർത്തനം വളരെ ഊർജ്ജിതമായി നടന്നു വരുന്നു. പരസ്യയോഗങ്ങൾ, ലഘുലേഖാ വിതരണം, ആശുപത്രി സന്ദർശനം, ഭവന സന്ദർശനം തുടങ്ങിയവ ടീമിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ടീം പ്രവർത്തകരെല്ലാം തന്നെ കൂലി വേലക്കാരും ദരിദ്രരുമാണ്. സുവിശേഷ വിരോധികളിൽ നിന്നുള്ള പ്രതികൂലങ്ങളും ധാരാളമായി അനുഭവിക്കുന്നു. ചേരിപ്രദേശങ്ങളിൽ സുവിശേഷ യാത്രകൾ വളരെ ദുർഘടമായതിനാൽ ടീം പ്രവർത്തനത്തിന് ഒരു വാഹനം വളരെ അത്യാവശ്യമായിരിക്കുന്നു. ദൈവമക്കൾ സഹായിക്കുക. പാസ്റ്റർ കുമാർ, A/c.No.SBT Mangalapuram 30790454653, Phone: 8129798347

## സ്പോൺസർമാരെ ആവശ്യമുണ്ട്

ഉത്തർപ്രദേശ്: വാരാണസി കേന്ദ്രമാക്കി സുവിശേഷപ്രവർത്തനം നടത്തി വരുന്ന പ്രസ്ഥാനത്തെ സാമ്പത്തികമായി സഹായിക്കുവാൻ സ്പോൺസർമാരെ ആവശ്യമുണ്ട്. സുവിശേഷകർക്ക് സൈക്കിൾ, ഗ്രാമങ്ങളിൽ തയ്യൽ പരിശീലനത്തിനായി മെഷീനുകൾ, പ്രൈമറി വിദ്യാഭ്യാസത്തിനായുള്ള സാമ്പത്തിക സഹായം എന്നിവ അനിവാര്യമാണ്. നോർത്ത് ഇന്ത്യയിലെ സുവിശേഷപ്രവർത്തനത്തെ സ്നേഹിക്കുന്നവർ ബന്ധപ്പെടുക.

**Phone: 08574575036/08765279386**
**email: emivaranasi@gmail.com**



നിങ്ങളുടെ വിവാഹം ഏറ്റവും ഭംഗിയായും ഉത്തരവാദിത്വത്തോടും ചെയ്തുതരുന്നു

BENEvents
providing colourful events
Bethel Building, Near SBT
Kumbanad, Thiruvalla 689 547, India
Mob: 9947933433
Email: benevents@ymail.com
www.benevents.org

## ക്രിസ്തുയോദ്ധാക്കളെ ആവശ്യമുണ്ട്

ക്രിസ്തുയേശുവിന്റെ നല്ല ഭടനായി ഭാരതത്തിൽ നല്ല യുദ്ധസേവ ചെയ്ത്, പിശാചിനാൽ പിടിപെട്ടു കുടുങ്ങിയിരിക്കുന്ന വിലയേറിയ മനുഷ്യാത്മാക്കളെ നേടുവാൻ, ഒക്ടോബർ മാസം നടത്തുന്ന കോൺഫ്രൻസിൽ (AIM National Ministers Conference-Bangalore) തിരഞ്ഞെടുക്കുന്നു. ബന്ധപ്പെടുക:
ഫോൺ: 09159128438, 09443063738, 04262-268289,
Email: aimgdr@rediffmail.com
AIM CHRISTIAN ASSEMBLY

## സ്വാതന്ത്ര്യദിന റാലി

വെള്ളറട: പാറശ്ശാല പ്രെയർ വേൾഡ് ഗോസ്പൽ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ന് കന്യാകുമാരി ജില്ലയിലെ 15 പ്രധാന ജംഗ്ഷനുകളിൽ സ്വാതന്ത്ര്യ ദിന സന്ദേശവും 60 ഇരുചക്ര വാഹനങ്ങളുമായി റാലിയും ലഘുലേഖ വിതരണവും നടന്നു. പാസ്റ്റർ സി.ബിനു ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ പുഷ്പരാജ്, ക്രിസ്തുദാസ്, സെൽവരാജ്, റാമ്പി തുടങ്ങിയവർ പ്രസംഗിച്ചു. പൊതുയോഗം കൊല്ലങ്കോട് ഷാജി ഉദ്ഘാടനവും, പാസ്റ്റർ ബിനു മുഖ്യസന്ദേശവും നൽകി. പാസ്റ്റർ എ. എൻ അനീഷ് നേതൃത്വം നൽകി.

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

IPC SHALOM FELLOWSHIP
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

## മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്

21-ാം വർഷം

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

ലയൺസ് ക്ലബിന് സമീപം, മണിമല



കൃപാവരശുശ്രൂഷകൻ
**പാസ്റ്റർ സജി പി എബ്രഹാം (കാനം സജി)** നേതൃത്വം നൽകുന്നു. ഫോൺ: 9846184544

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന – വിടുതൽ – ദൈവീക ആലോചന**

## ഉടൻ ആവശ്യമുണ്ട്

ഉത്തർപ്രദേശ് ഔറംഗബാദ് (മധുര)യിൽ പ്രവർത്തിക്കുന്ന 5-ാം ക്ലാസ്സുവരെയുള്ള മിഷൻ സ്കൂളിന്റെ മേൽനോട്ടത്തിനായി ആളെ ആവശ്യമുണ്ട്. ഹിന്ദിയും ഇംഗ്ലീഷും നന്നായി കൈകാര്യം ചെയ്യാൻ അറിയാവുന്ന ദമ്പതികൾക്ക് മുൻഗണന.
**ബന്ധപ്പെടുക: 9969268412, bennipappachan@gmail.com**

## കോട്ടയം മെഡിക്കൽ കോളജ് ജംഗ്ഷനിൽ പെന്തെക്കോസ്ത് ആരാധനക്കായ്

**ചർച്ച് ഓഫ് ഗോഡ്, കർമ്മേൽ ചർച്ച്, Opp.ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ, മെഡിക്കൽ കോളജ്, കോട്ടയം 686 008**

കോട്ടയം മെഡിക്കൽ കോളജിലും, എം.ജി.സർവ്വ കലാശാലയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും, ഉദ്യോഗസ്ഥർക്കും, മെഡിക്കൽ കോളജിൽ രോഗികളെ സന്ദർശിക്കുന്നവർക്കും ആരാധനാ സൗകര്യം.


**ചർച്ചിലെ മീറ്റിംഗുകൾ**
ഞായർ – ആരാധന: 10.00AM - 12.30 PM
വെള്ളി – ഉപവാസ പ്രാർത്ഥന : 10.30 AM - 1.00 PM
ശനി – പ്രാർത്ഥന : 6.30 PM - 8.00 PM
സൺഡേസ്കൂൾ, യൂത്ത് മീറ്റിംഗ്, ലേഡീസ് മീറ്റിംഗ്, ഉപവാസ പ്രാർത്ഥന, കെയർ സെൽ, ഭവന പ്രാർത്ഥന.

**24 മണിക്കൂർ പവ്വർ പ്രെയർ ലൈൻ**
**പാസ്റ്റർ വർഗീസ് ഈപ്പൻ. Ph: 9447275266, 9496363562**
**email: varghesekeapen@gmail.com**
**കൗൺസലിംഗ്. ബൈബിൾ സ്റ്റഡി, ഡി-അഡിക്ഷൻ**

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

*Sunday Worship Service:*
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



*Pastor John Thomas (647) 833 9744*
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 1st September 2013 at RMS Kottayam

# ഐ.പി.സി. മിഡ്‌വെസ്റ്റ് റീജിയൻ വാർഷിക കൺവൻഷൻ

*ജോയ് തുമ്പമൺ*

ഒക്കലഹോമ: ഐ.പി.സി. മിസ്‌വെസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷൻ ആഗസ്റ്റ് 30 മുതൽ സെപ്തംബർ 1 വരെ ഓക്കലഹോമ സിറ്റിയിലെ ബിൽറൂമോർ ഹോട്ടലിൽ നടന്നു.

ഓറൽ റോബർട്ട് യൂണിവേഴ്സിറ്റി അക്കാഡമിക് ഡീനായ ഡോ. തോംസൺ കെ.മാത്യു മുഖ്യപ്രഭാഷകനായിരുന്നു. ഐ.പി.സി.ജനറൽ പ്രസിഡന്റ് ജേക്കബ് ജോൺ, ദൈവവചനത്തിൽ നിന്ന് സംസാരിച്ചു. യുവജനങ്ങളുടെ മീറ്റിങ്ങിൽ സുവി. ലിൻസൺ ദാനിയേൽ, സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ മറിയാമ്മ വർഗീസ് എന്നിവർ ശുശ്രൂഷിച്ചു.





ഡാളസ്, ഓക്കലഹോമ, ഹ്യൂസ്റ്റൺ, ഓസ്റ്റൻ എന്നീ പട്ടണങ്ങളിൽ ചിതറിക്കിടക്കുന്ന ഐ.പി.സി.സഭകളുടെ കൂട്ടായ്മയാണ് ഐ.പി.സി.മിഡ്‌വെസ്റ്റ് റീജിയൻ. അമേരിക്കയിലെ ഏറ്റവും വലിയ റീജിയനുകളിലൊന്നാണ് ഇത്.

റവ.തോമസ് കോശി (പ്രസിഡന്റ്), റവ.ഡോ.എ.എസ്.മാത്തുക്കുട്ടി (വൈസ് പ്രസിഡന്റ്), റവ.കെ.വി. തോമസ് (സെക്രട്ടറി), ജോൺസൺ വർക്കി (ജോ.സെക്രട്ടറി), ജോയ് തുമ്പമൺ (ട്രഷറാർ) എന്നിവർ റീജിയന് നേതൃത്വം കൊടുക്കുന്നു.

## ഡോക്ടറേറ്റ് ലഭിച്ചു



ബാംഗ്ലൂർ ACTS-ൽ നിന്ന് ATA-യുടെയും ICHE യുടെയും അംഗീകാരമുള്ള ഡോക്ടറേറ്റ് റവ.ഡോ.റജി വർഗീസിന് ലഭിച്ചു. (റിലീജിയൻ & ഫിലോസഫി) റാന്നി ഇടമൺ കിഴക്കേക്കാലായിൽ ഈശോ വർഗീസിന്റെയും മറിയാമ്മ വർഗീസിന്റെയും മകനാണ്. ഭാര്യ: ബ്ലസി, മക്കൾ: അനുഗ്രഹ്, അഭിഷേക് ആന്ധ്രാപ്രദേശിൽ കുടുംബമായി സുവിശേഷപ്രവർത്തനം നടത്തുന്നു.
















PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.